# അൽഹഖ്

സപ്തംബർ 2006

AHMADIYYA NEWS BULLETTIN

A PUBLICATION OF MAJLIS KHUDDAM-UL-AHMADIYYA - KERALA | PRIVATE CIRCULATION


## പോപ്പ് എരിതീയിൽ എണ്ണയൊഴിക്കുന്നു

### ഹസ്റത്ത് ഖലീഫത്തുൽ മസീഹ് ഖാമിസ്

ജർമ്മനിയിലെ സർവ്വകലാശാലയിൽ പോപ്പ് നടത്തിയ ഒരു പ്രഭാഷണത്തിനിടയിൽ ചില ഇസ്‌ലാമിക അദ്ധ്യാപനങ്ങളെക്കുറിച്ച് പറഞ്ഞതായി ഇന്നലെ വാർത്തയുണ്ടായിരുന്നു. വിശുദ്ധഖുർആനേയും നബി(സ) തിരുമേനിയേയും കുറിച്ച്, മറ്റാരോ എഴുതി എന്നു പറഞ്ഞുകൊണ്ട് ഇസ്‌ലാമുമായി വിദൂരബന്ധം പോലുമില്ലാത്ത കാര്യങ്ങൾ പറയുകയും ചെയ്തു. മറ്റുള്ളവർ പറഞ്ഞുവെന്ന് പറഞ്ഞുകൊണ്ട് വളരെ സമർത്ഥമായനിലയിൽ തെറ്റായധാരണ പരത്താൻ ശ്രമിക്കുക എന്നത് ഇവരുടെ ഒരു രീതിയാണ്. പോപ്പ് സാഹിബ് ചില കാര്യങ്ങൾ പറഞ്ഞുകൊണ്ട് വിശുദ്ധഖുർആനേയും ഇസ്‌ലാമിനേയും ഇസ്‌ലാംമതസ്ഥാപകരേയും(സ) കുറിച്ച് തെറ്റായ ധാരണ ജനിപ്പിക്കാനുള്ള ശ്രമമാണ് നടത്തിയത്. അതുമുഖേന മുസ്‌ലിംകളിൽ ഒരു അസ്വസ്ഥത ഉണ്ടായിട്ടുണ്ടാകും. ഇസ്‌ലാമിന്നെതിരിലുള്ള അവരുടെ ഉള്ളിലിരുപ്പ് ഇതിൽനിന്ന് വ്യക്തമാകുന്നുണ്ട്. പോപ്പ് എവിടെനിന്നെങ്കിലും എടുത്തുദ്ധരിക്കുകയാണെങ്കിലും, ഇത്തരം കാര്യങ്ങൾ പ്രകടിപ്പിക്കുക എന്നത് അദ്ദേഹത്തിന്റെ സ്ഥാനത്തിന് നിരക്കുന്നതല്ല. ഇക്കാലത്ത് പാശ്ചാത്യദേശത്ത് ആരെങ്കിലുമൊക്കെ പറഞ്ഞുവെന്ന് പറഞ്ഞുകൊണ്ട് മുസ്‌ലിംകൾക്കെതിരിൽ വെറുപ്പ് ഉണ്ടാക്കിക്കൊണ്ടിരിക്കുകയാണ്. ഈ അവസരത്തിൽ പോപ്പിന്റെ ഈ വിളംബരം എരിതീയിൽ എണ്ണയൊഴിച്ചതുപോലെയായി. ഇതിനുപകരം, ഇന്ന് ചില ഇസ്‌ലാമിക ഭീകരവാദ സംഘടനകൾ ഭീകരപ്രവർത്തനം നടത്തുന്നുണ്ടെങ്കിലും ഇസ്‌ലാമികാദ്ധ്യാപനം അതിനെതിരാണെന്ന് താൻ കാണുന്നതായും അതുകൊണ്ട് നിരപരാധികളായ ജനങ്ങളെ നാശത്തിൽനിന്ന് രക്ഷിക്കുന്നതിനും ലോകത്ത് സമാധാനം നിലനിറുത്തുന്നതിനും വേണ്ടി നമ്മൾ ഒന്നിച്ച് പ്രവർത്തിക്കണമെന്നുമായിരുന്നു അദ്ദേഹം പറയേണ്ടിയിരുന്നത്. എന്നാൽ, തന്റെ അനുയായികളെ ശരിയായ ഇസ്‌ലാമിന്റെ അദ്ധ്യാപനം താൻ പറയുന്നതുതന്നെയാണെന്ന് ബോധ്യപ്പെടുത്താനാണ് അദ്ദേഹം ശ്രമിച്ചത്. പോപ്പ്, പ്രശ്നം പരിഹരിക്കാൻ പറ്റിയ ആളും പണ്ഡിതനും ഇസ്‌ലാമിനെക്കുറിച്ച് കുറച്ചെങ്കിലും അറിയുന്നയാളുമാണെന്നാണ് ഞാൻ കരുതിയത്. പക്ഷേ, ഇക്കാര്യം പറഞ്ഞുകൊണ്ട് താൻ അജ്ഞനാണെന്ന് അദ്ദേഹം പ്രകടിപ്പിച്ചിരിക്കുകയാണ്. ഏതൊരു മസീഹിന്റെ പ്രതിനിധിയാണെന്നാണോ അദ്ദേഹം വാദിക്കുന്നത്, ആ മഹാത്മാവിന്റെ അദ്ധ്യാപനമനുസരിച്ച് ലോകത്ത് സമാധാനം സ്ഥാപിക്കാൻ ശ്രമിക്കണമായിരുന്നു. ആ മഹാത്മാവ് ശത്രുക്കളോടും നല്ലരീതിയിൽ പെരുമാറാനാണ് പഠിപ്പിച്ചിട്ടുള്ളത്. ഞാൻ പറഞ്ഞതുപോലെ നബി(സ) തിരുമേനിയേയും വിശുദ്ധഖുർആനേയും കുറിച്ച് തെറ്റായ കാര്യങ്ങൾ പറഞ്ഞുകൊണ്ട് ഒരുവശത്ത് മുസ്‌ലിംകളുടെ വികാരത്തെ തൊട്ടാണ് അദ്ദേഹം കളിച്ചിരിക്കുന്നത്. വികാരത്തിനുമേൽ നിയന്ത്രണമില്ലാത്ത അവർ തെറ്റായ രീതിയിൽ പ്രതികരിക്കുന്നതിലൂടെ ഇക്കൂട്ടർക്ക് കൂടുതൽ ദുഷ്പ്രചാരണം നടത്താൻ അവസരം കിട്ടുകയും ചെയ്യും. മറുവശത്ത്, ഇസ്‌ലാമിനെ ഭീകരവാദമതമെന്ന് മനസ്സിലാക്കുന്ന പാശ്ചാത്യരായ പോപ്പിന്റെ അനുയായികളുടെ ഉള്ളിൽ മുസ്‌ലിംകൾക്കെതിരിൽ കൂടുതൽ വൈരാഗ്യവും വെറുപ്പും പരക്കുന്നതുമാ



(ശേഷം 3-ാം പേജിൽ)

## റമസാൻ മാസപ്പിറവി; വഴി തെറ്റിക്കുന്ന ഖാസിമാർ: പി. ഒ. ഉമർഫാറൂഖ്, തിരൂരങ്ങാടി

ന്യൂസ് ഡെസ്ക്

വെള്ളിയാഴ്ച സൂര്യാസ്തമയ ശേഷം മാസപ്പിറവി ഉണ്ടാകുന്നുവെന്ന വാർത്തയുടെ അടിസ്ഥാനത്തിൽ ഉത്തരകേരളത്തിൽ ഖാസിമാർ ശനിയാഴ്ച റമസാൻ ഒന്ന് ആയി പ്രഖ്യാപിച്ചിരിക്കുകയാണല്ലോ. ഈ തീരുമാനം തീർത്തും അസത്യവും ഗോളശാസ്ത്ര യാഥാർത്ഥ്യ ങ്ങൾക്കു നിരക്കാത്തതുമാണ്. കേരളത്തിൽ വെള്ളിയാഴ്ച വൈകുന്നേരം സൂര്യൻ അസ്തമിക്കുന്നതിനു മിനുട്ടുകൾക്ക് മുമ്പേ ചന്ദ്രൻ അസ്തമിച്ചുപോയിട്ടുണ്ട്. ഉത്തര കേരളത്തിൽ സൂര്യൻ അസ്തമിക്കുന്നതിനു മൂന്നര മിനുട്ട് മുമ്പായിരുന്നു ചന്ദ്രന്റെ അസ്തമയം. എന്നിട്ടും അസ്തമിച്ചുപോയ ചന്ദ്രനെ കണ്ടുവെന്ന അവാസ്തവമായ അവകാശവാദത്തിന്റെ അടിസ്ഥാനത്തിൽ അതുപോലെ മഹല്ലിയുടെ ശറഹിൽ പറയുന്നത് നോക്കുക. മാസപ്പിറവി കാണുകയില്ലെന്ന് ഖണ്ഡിതമായ കണക്ക് തെളിയിച്ചാൽ വിശ്വസ്തരായ സാക്ഷികൾ പോലും കണ്ടെന്ന് പറഞ്ഞാലും അവരുടെ സാക്ഷ്യം സ്വീകരിക്കാൻ പാടില്ല. അവരുടെ സാക്ഷ്യം തള്ളിക്കളയേണ്ടതാണ്. ഉബാദിയുടെ വാക്കുകൾ ഇവിടെ അവസാനിക്കുന്നു. അദ്ദേഹം പറഞ്ഞത് വളരെ വ്യക്തവും പ്രകടവുമാണ്. ഇത്തരം വേളകളിൽ നോമ്പ് എടുക്കൽ അനുവദനീയമല്ല. ഈ വസ്തുത എതിർക്കൽ കിടമത്സരവും അഹങ്കാരവുമാണ്. (ഖൽയൂബി: വാ:2 പേ: 49) ഈ ആയത്തിൽ പറയുന്നു: മാസപ്പിറവി കണ്ടതായി ശഅബാനിൽ തന്നെ നോമ്പ് ആരംഭിക്കാൻ ആഹ്വാനം നൽകിയ കേരളത്തിലെ ഖാസി മാരുടെ നടപടി തീർത്തും നിരുത്തരവാദപരമാണ്. അസന്നിഗ്ദ്ധമായ ഗോള ശാസ്ത്ര യാഥാർത്ഥ്യങ്ങളുടെ നഗ്നമായ നിഷേധമാണ് ശനിയാഴ്ച റമസാൻ ആരംഭിക്കണമെന്ന ഖാസിമാരുടെ പ്രഖ്യാപനത്തിലൂടെ ഉണ്ടായിട്ടുള്ളത്. ജ്യോതിശാസ്ത്ര കണക്കുകൾക്കു വിരുദ്ധമായി അസ്തമിച്ച ചന്ദ്രനെ കണ്ണൂരിൽ കണ്ടുവെന്നു പറയുന്നതിൽ തരിമ്പു പോലും സത്യമില്ല. ആരെങ്കിലും കണ്ടുവെന്ന് തെറ്റിദ്ധരിക്കുകയോ മനഃപൂർവം തെറ്റിദ്ധരിപ്പിക്കുകയോ ചെയ്യുമ്പോൾ

(4-ാം പേജിൽ)

## മാത്തോട്ടം മജ്ലിസിന് ഒന്നാംസ്ഥാനം

പ്രത്യേക ലേഖകൻ

**ഖാദിയാൻ, സെപ്തംബർ, 14:** കഴിഞ്ഞ വർഷത്തെ പ്രവർത്തനങ്ങളുടെ അടിസ്ഥാനത്തിൽ 50ൽ താഴെ അംഗങ്ങളുള്ള മജ്ലിസുകളിൽ മാത്തോട്ടം മജ്ലിസിന് അഖിലേന്ത്യാതലത്തിൽ ഒന്നാം സ്ഥാനം ലഭിക്കുകയുണ്ടായി. ഈ വിഭാഗത്തിൽ എറണാകുളം മജ്ലിസ്, മേലേപ്പാളയം മജ്ലിസ് എന്നിവ യഥാക്രമം രണ്ടും മൂന്നും സ്ഥാനങ്ങൾക്ക് അർഹരായി.

50-ൽ കൂടുതൽ അംഗങ്ങളുള്ള മജ്ലിസുകളിൽ ഒന്നാംസ്ഥാനം ഖാദിയാൻ മജ്ലിസും, ഹൈദരാബാദ് മജ്ലിസും പങ്കിട്ടു. ഭൂശിനഗർ മജ്ലിസ്, ഹാഫിസാബാദ് മജ്ലിസ് എന്നിവ യഥാക്രമം രണ്ടും മൂന്നും സ്ഥാനങ്ങൾ നേടി.

കേരളത്തിൽ പള്ളിപ്പുറം, കണ്ണൂർസിറ്റി, ആലപ്പുഴ എന്നീ മജ്ലിസുകൾ പ്രത്യേക പുരസ്കാരം നേടുകയുണ്ടായി. അത്ഫാൽ വിഭാഗത്തിൽ കോഴിക്കോട് ടൗൺ മജ്ലിസിന് പ്രത്യേക സമ്മാനം ലഭിച്ചു. അത്ഫാൽ ഹിലാൽ വിഭാഗത്തിൽ പത്തപ്പിരിയം മജ്ലിസിലെ ഹാദിഅദ്നാനെ മികച്ച അത്ഫാലായും തിരഞ്ഞെടുത്തു. മുറിയക്കണ്ണി മജ്ലിസിലെ മുസമ്മിൽ അഹ്മദിന് മത്സരത്തിൽ സമ്മാനം ലഭിക്കുകയുണ്ടായി.

## ബംഗ്ലാദേശിൽ അഹ്മദിയ്യാ പള്ളി പിടിച്ചെടുക്കാൻ വീണ്ടും ശ്രമം

**ധാക്ക, ഒക്ടോബർ 6:** ബംഗ്ലാദേശിന്റെ തലസ്ഥാനനഗരമായ ധാക്കയ്ക്ക് സമീപം നഗൽപുര എന്ന സ്ഥലത്ത് സ്ഥിതിചെയ്യുന്ന അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ പള്ളി പിടിച്ചെടുക്കാൻ വീണ്ടും ശ്രമം നടന്നു. ഇന്റർനാഷണൽ ഖത്തമെ നുബൂബ്വത്ത് എന്ന പ്രസ്ഥാനമാണ് ഈ ശ്രമം നടത്തിയത്. വെള്ളിയാഴ്ച ജുമുഅ നമസ്കാരത്തിനുശേഷം പള്ളി പിടിച്ചെടുക്കുമെന്ന് ഇവർ നേരത്തെതന്നെ പ്രഖ്യാപിച്ചിരുന്നു. ഇതിന്റെ ഫലമായി വൻപോലീസ് സന്നാഹം സ്ഥലത്ത് നിലയുറപ്പിച്ചു.

ജുമുഅ നമസ്കാരത്തിനുശേഷം ഖത്മെ നുബൂവ്വത്ത് പ്രവർത്തകർ പ്രകോപനപരമായ മുദ്രാവാക്യം മുഴക്കി പള്ളിയെ സമീപിച്ചെങ്കിലും പോലീസ് അവരെ വഴിയിൽ തടയുകയായിരുന്നു. തുടർന്ന് പോലീസും പ്രകടനക്കാരും ഏറ്റുമുട്ടി. പോലീസ് ജനക്കൂട്ടത്തെ പിരിച്ചുവിടാൻ ലാത്തിച്ചാർജ്ജും ടിയർഗ്യാസ് പ്രയോഗവും നടത്തി. ഇരുഭാഗത്തുമായി പത്തോളം പേർക്ക് പരിക്കേറ്റിട്ടുണ്ട്.

ഇതിനുശേഷം ചേർന്ന റാലിയിൽ ഖത്മെ നുബൂവ്വത്ത് നേതാക്കൾ സർക്കാരിനെതിരെ ആഞ്ഞടിച്ചു. തങ്ങളുടെ ശ്രമഫലമായി 'ഖാദിയാനികളുടെ' പുസ്തകങ്ങൾ ബംഗ്ലാദേശിൽ നിരോധിക്കാൻ സാധിച്ചിട്ടുണ്ടെന്ന് അവകാശപ്പെട്ട ഇവർ അവരെ അമുസ്‌ലിംകളായി പ്രഖ്യാപിക്കണമെന്നാണ് ആവശ്യപ്പെടുന്നത്. ഇത് സംബന്ധമായ ഒരു ബിൽ ബംഗ്ലാപാർലമെന്റിൽ കൊണ്ടുവന്നെങ്കിലും പരാജയപ്പെടുകയായിരുന്നു. ഇതാണ് ഇപ്പോഴത്തെ പ്രകോപനത്തിന് കാരണമായി ചൂണ്ടിക്കാണിക്കപ്പെടുന്നത്. ഇതിനുപുറമെ ബംഗ്ലാദേശിൽ വിവിധ സ്ഥലങ്ങളിൽ അഹ്മദികൾക്കെതിരായുള്ള കൈയ്യേറ്റ ശ്രമങ്ങൾ വ്യാപകമായിട്ടുണ്ട്.

## ഫോട്ടോ അനാഛാദനം ചെയ്തു



**കണ്ണൂർ, സെപ്തം.25:** പ്രശസ്ത പത്രപ്രവർത്തകനും കണ്ണൂർ പ്രസ്ക്ലബ്ബ് പ്രസിഡന്റ്, സെക്രട്ടറി എന്നീ നിലകളിൽ പ്രവർത്തിച്ചയാളുമായ എൻ. അബ്ദുർ റഹീം സാഹിബിന്റെ ഫോട്ടോ കണ്ണൂർ പ്രസ്ക്ലബ്ബിൽ അനാഛാദനം ചെയ്തു. കണ്ണൂർ പ്രസ്ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ നടന്ന ചടങ്ങിൽ കണ്ണൂർ ജില്ലാ കലക്ടർ ശ്രീമതി ഇഷിതാറോയ്. ഐ.എ.എസ് ആണ് അനാഛാദനം നടത്തിയത്. പ്രസ്ക്ലബ്ബ് പ്രസിഡന്റ് ശ്രീ. പി.പി. ശശീന്ദ്രൻ അധ്യക്ഷനായിരുന്നു. എം. അബ്ദുർ റഹ്മാൻ അനുസ്മരണ പ്രഭാഷണം നടത്തി. പ്രസ്ക്ലബ്ബ് വൈസ്പ്രസിഡന്റ് എം.പി. സുകുമാരൻ സ്വാഗതവും ജോ.സെക്രട്ടറി ഒ.സി. മോഹൻരാജ് നന്ദിയും പറഞ്ഞു.

# അഹ്മദീകുട്ടികൾ തങ്ങളുടെ സ്ഥാനം മനസ്സിലാക്കണം: കെ. ഉണ്ണീൻസാഹിബ്

സ്വന്തം പ്രതിനിധി

**കാവശ്ശേരി, സെപ്തം 5:** ലോകത്ത് ഏറ്റവും കൂടുതലും സ്വീകാര്യപ്രദമായ ദുആകൾ ലഭ്യമാകുന്ന അഹ്മദീകുട്ടികൾ ഭാഗ്യവാന്മാരാണെന്നും അവർ തങ്ങളുടെ ഉന്നതസ്ഥാനം തിരിച്ചറിയണമെന്നും കേരള ഉത്തരമേഖല നാസിം അത്ഫാൽ കെ. ഉണ്ണീൻസാഹിബ് ആഹ്വാനം ചെയ്തു. കാവശ്ശേരി മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ സംഘടിപ്പിച്ച അത്ഫാൽ-നാസിറാത്ത് ഏകദിന പഠനക്യാമ്പ് ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. നമസ്കാരം, ഖുർആൻപാരായണം, സത്യസന്ധത എന്നിവയിൽ നമ്മുടെ കുട്ടികളുടെ നിലവാരം ഉന്നതമായിരിക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

കാവശ്ശേരി ജമാഅത്ത് പ്രസിഡന്റ് ജനാബ് എച്ച്. സുലൈമാൻ സാഹിബ് അധ്യക്ഷത വഹിച്ചു. സഈം- അൻസാറുല്ലാഹ് ജനാബ് കെ.എം. യൂസുഫ് സാഹിബ് ആശംസാപ്രസംഗം നടത്തി. ഇസ്മായിൽ അഹ്മദ് ഖുർആൻ പാരായണം നടത്തി. കാവശ്ശേരി ഖാഇദ് എസ്. ഗുലാം അഹ്മദ് സാഹിബ് സ്വാഗതം പറഞ്ഞു.

തുടർന്ന് മൗലവി ഹിദായത്തുല്ലാഹ് ഖാൻ സാഹിബ് സഖാഫി (നബി (സ)ന്റെ പരിശുദ്ധജീവിതം), മൗലവി അമീൻ മുഹമ്മദ് സാഹിബ് (സ്വഹാബാക്കളുടെ ജീവിതം) എന്നിവർ തർബിയ്യത്ത് ക്ലാസ്സ് നടത്തി. കേമ്പിന്റെ ഭാഗമായി വിവിധ വൈജ്ഞാനിക മത്സരങ്ങളും നടത്തപ്പെട്ടു.

## ഖുർആൻവാരം ആചരിച്ചു

**കൊടിയത്തൂർ:** കൊടിയത്തൂർ ജമാഅത്തിന്റെ ആഭിമുഖ്യത്തിൽ ജൂലായ് 17 മുതൽ 23 വരെ ഖുർആൻ വാരം ആചരിച്ചു. 17-ന് മഗ്‌രിബിനുശേഷം മൗലവി ഗുലാം അഹ്മദ് ഇസ്മായീൽ സാഹിബ് വാരാചരണം ഉദ്ഘാടനം ചെയ്തു. തുടർന്നുള്ള ദിവസങ്ങളിൽ മൗലവി എം. അബൂബക്കർ സാഹിബ്, എം. അഹ്മദ്കുട്ടി സാഹിബ്, എം. മരക്കാർ സാഹിബ്, മൗലവി ഹിദായത്തുല്ലാഖാൻ സഖാഫി, കെ.ടി. മഹ്മൂദ് സാഹിബ്, പി.എം. അബ്ദുല്ലാഹി മാസ്റ്റർ സാഹിബ്, മൗലവി എം. നാസിർ അഹ്മദ് സാഹിബ്, മൗലവി ടി.കെ. മഹ്മൂദ് സാഹിബ്, ഡോ. കെ.ടി. സലീം സാഹിബ് എന്നിവർ ഖുർആന്റെ വിവിധ ജ്ഞാനങ്ങളെ സംബന്ധിച്ച് സംസാരിച്ചു. സമാപനയോഗത്തിൽ ജമാഅത്ത് പ്രസിഡന്റ് എം.സി. മുഹമ്മദ് സാഹിബ് അധ്യക്ഷനായിരുന്നു. എസ്.എസ്.എൽ.സി, പ്ലസ്ടു വിജയികൾക്കുള്ള കേഷ് അവാർഡ് വിതരണവും ഖുർആൻ പാരായണമത്സരം, ഖുർആൻ ക്വിസ് എന്നീ പരിപാടികളും വാരാചരണത്തിന്റെ ഭാഗമായി നടന്നു.

## ജനശ്രദ്ധയാകർഷിച്ച വഖാറെ അമൽ

സ്വന്തം പ്രതിനിധി

**പത്തപ്പിരിയം:** വണ്ടൂർ ബ്ലോക്ക് എടവണ്ണ പ്രാഥമികാരോഗ്യ കേന്ദ്രവും പരിസരവും പത്തപ്പിരിയം മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യായുടെ ആഭിമുഖ്യത്തിൽ ശുചീകരിച്ചു. 30-ൽ അധികം ആളുകൾ പങ്കെടുത്ത ഈ പരിപാടി എടവണ്ണ ഗ്രാമവാസികളുടെ സജീവശ്രദ്ധ പിടിച്ചുപറ്റി. ഖാദിം- അത്ഫാൽ- അൻസാർ സഹോദരങ്ങൾ സന്നദ്ധ സേവനത്തിന്റെ ഉദാത്തമായ മാതൃകയാണ് കാണിച്ചത്. പരിപാടി ഉദ്ഘാടനം ചെയ്ത എടവണ്ണ പഞ്ചായത്ത് പ്രസിഡന്റ് കെ.എം. മുസ്തഫ ഖുദ്ദാമുൽ അഹ്മദിയ്യായുടെ സേവനത്തെ ശ്ലാഘിച്ചുകൊണ്ട് സംസാരിച്ചു. ചടങ്ങിൽ മലപ്പുറം മേഖലാ അമീർ പി.മുഹമ്മദലി മാസ്റ്റർ സാഹിബ് അധ്യക്ഷനായിരുന്നു. പ്രാഥമികാരോഗ്യ കേന്ദ്രത്തിലെ ഡോ. ഷരീഫ റഷീദ്, വാർഡ് മെമ്പർ സക്കീന, സദ്ഭാവന അവാർഡ് ജേതാവും പ്രശസ്ത സാമൂഹ്യപ്രവർത്തകനുമായ മദാരി മൊയ്തീൻ തുടങ്ങിയവർ ആശംസകളർപ്പിച്ചു. പരിപാടിക്ക് പത്തപ്പിരിയം ഖാഇദ് സി.എച്ച്. സാലിഹ് സാഹിബ്, എൻ. ബഷീർ, ഏ. യൂസഫ് അലി, അബ്ദുസ്സമദ്, സി.കെ. അൻവർ സാദത്ത് തുടങ്ങിയവർ നേതൃത്വം നൽകി. തുടർച്ചയായ നാലാംതവണയാണ് പത്തപ്പിരിയം മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ എടവണ്ണ പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ സന്നദ്ധ സേവനം നടത്തുന്നത്.



മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ പത്തപ്പിരിയം വണ്ടൂർബ്ലോക്ക്, എടവണ്ണ പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ നടത്തിയ വഖാറെ അമൽ പഞ്ചായത്ത് പ്രസിഡന്റ് കെ.എം. മുസ്തഫ ഉദ്ഘാടനം ചെയ്യുന്നു. മേഖലാ അമീർ പി. മുഹമ്മദലി മാസ്റ്റർ സാഹിബ് സമീപം.

## കോട്ടപ്പറമ്പ് ആശുപത്രി ശുചീകരിച്ചു



**കോഴിക്കോട്, ഒക്ടോബർ 6:** കോഴിക്കോട്, മാത്തോട്ടം മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യ സംയുക്ത സംരംഭത്തിലൂടെ കോഴിക്കോട് ജില്ലയിലെ കോട്ടപ്പറമ്പ് ആശുപത്രി ശുചീകരിച്ചു. കേരളം ഇപ്പോൾ നേരിടുന്ന ചിക്കുൻ ഗുനിയ എന്ന പകർച്ചപ്പനിയുടെ സാഹചര്യത്തിലാണ് ഖുദ്ദാമുൽ അഹ്മദിയ്യ ഈ സൃഷ്ടി സേവനം നിർവ്വഹിച്ചത്. ഈ പരിപാടി രാവിലെ കോഴിക്കോട് കോർപ്പറേഷൻ കൗൺസിലർ ശ്രീമതി എൽസ ടീച്ചർ ഉദ്ഘാടനം ചെയ്തു. ഇന്ന് ശുചീകരണപ്രവർത്തനത്തിന് ഏറെ പ്രാധാന്യമുണ്ടെന്നും ഖുദ്ദാമുൽ അഹ്മദിയ്യ അതിനനുസരിച്ച് ഉണർന്ന് പ്രവർത്തിച്ചത് ശ്ലാഘനീയമാണെന്നും അവർ പറഞ്ഞു. നോർത്ത് ഇലാഖാ ഖാഇദ് ഡോ. സലാഹുദ്ദീൻ അധ്യക്ഷനായിരുന്നു. ഡോ. വേണുഗോപാൽ ആശംസാ പ്രസംഗം നടത്തി.

## അറിയിപ്പ്

മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ നോർത്ത് ഇലാഖയുടെ ആഭിമുഖ്യത്തിൽ നവംബർ മാസം കണ്ണൂരിൽവെച്ച് മതസൗഹാർദ്ദ സമ്മേളനം നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. വിശദവിവരം പിന്നീട് അറിയിക്കുന്നതാണ്.

*ഖാഇദ് നോർത്ത് ഇലാഖ*

## തബ്‌ലീഗ്

പത്തപ്പിരിയം മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യായുടെ ആഭിമുഖ്യത്തിൽ എടവണ്ണയിലും പരിസരപ്രദേശങ്ങളിലും തബ്‌ലീഗ് പ്രവർത്തനം നടത്തി. ഇതിലൂടെ ഒട്ടേറെ പുസ്തകങ്ങൾ ആളുകളിലേക്കെത്തിക്കാനും യഥാർത്ഥ ഇസ്ലാമിക സന്ദേശം സമാധാനത്തിന്റേതാണെന്ന് ജനങ്ങളെ ബോധ്യപ്പെടുത്താനും സാധിച്ചു. നോർത്ത് ഇലാഖ തബ്‌ലീഗ് സെക്രട്ടറി സബാഹ് സാഹിബ്, പത്തപ്പിരിയം ഖാഇദ് സി.എച്ച്. സാലിഹ് സാഹിബ് തുടങ്ങിയവർ തബ്‌ലീഗ് പ്രവർത്തനത്തിന് നേതൃത്വം നൽകി.

## കേരളത്തിൽ ചിക്കുൻ ഗുനിയ രോഗം പടരുന്നു

**ആലപ്പുഴ:** കേരളത്തിൽ ചിക്കുൻ ഗുനിയ എന്ന രോഗം പടർന്നുപിടിച്ചിരിക്കുകയാണ്. ആലപ്പുഴ ജില്ലയിലാണ് ഈ രോഗം വ്യാപകമായിട്ടുള്ളത്. ഇതിനകം 90ൽ അധികം ആളുകൾ ഈ രോഗംമൂലം മരിച്ചിട്ടുണ്ട്. നിരവധി പേർ ആശുപത്രിയിൽ ചികിത്സയിലാണ്. രോഗം ഭയന്ന് പലയാളുകളും സമീപപ്രദേശങ്ങളിലുള്ള ബന്ധുവീടുകളിൽ അഭയം പ്രാപിക്കുന്നതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. ഈ രോഗത്തോടൊപ്പം ഡങ്കിപ്പനി, എലിപ്പനി എന്നിവയും പടരുന്നതായി സംശയിക്കുന്നു.

ഇതേസമയം ന്യൂഡൽഹി ഡങ്കിപ്പനിയുടെ ഭീഷണിയിലാണ്. ഡങ്കിപ്പനിമൂലം ഡൽഹിയിലും പരിസരപ്രദേശങ്ങളിലും നിരവധിപേർ ചികിത്സ തേടി ആശുപത്രിയിലെത്തിയിട്ടുണ്ട്. അടുത്ത കാലത്തായി വിവിധതരം പകർച്ചവ്യാധികൾ ലോകരാഷ്ട്രങ്ങളിൽ പടർന്നുപിടിക്കുന്നതായി ആരോഗ്യപ്രവർത്തകർ ചൂണ്ടിക്കാണിക്കുന്നുണ്ട്.

"ഒരു താക്കീത്കാരനെ അയക്കാതെ ഒരു സമുദായത്തെയും നാം ശിക്ഷിച്ചിട്ടില്ല." (വി.ഖുർആൻ)

# ഖാദിയാൻ പാവനഗ്രാമം

അബൂശഹീദ് അഹ്മദ്. സി.എച്ച്

പഞ്ചാബിലെ ഖാദിയാനാം പാവനഗ്രാമം
പാരിലെങ്ങും വിളങ്ങിയാ പവിത്രനാമം
ദൈവദൂതരാം മഹാൻ പിറന്നൊരു ദേശം
ഭൂമിയിൽ പ്രചാരമായി സ്വർഗ്ഗ സദൃശ്യം!

ഈമാൻ താരാ സുറയ്യായിൽനിന്നുമടക്കം
മഹാൻ തന്റെ കരങ്ങളാൽ ഭൂവിൽ സുസ്ഥിരം
മുത്ത് റസൂലിന്റെ വാഗ്ദാനങ്ങൾ സഫലം
ഒത്ത് ചേർന്ന് ഫാരിസീ വംശജനിൽ ദൗത്യം!

മിനാറത്തുൽ മസീഹതാ ഉന്നതസൗധം
മസീഹന്നിറങ്ങി വന്നനുഗ്രഹ ഗേഹം
വെള്ളമിനാരം വിളങ്ങി പ്രകാശമാനം
കണ്ണുകളിൽ കുളിർമയായ് സുന്ദരസ്തൂപം!

ദുആകളിൽ മുഴുകി അവർ മഹനീയദേഹം
മഹ്ദിഇമാം പുണ്യവാളർ ആദരപൂർവ്വം
സർവ്വശക്തൻ അല്ലാഹുവിൽ ഭക്തിസമേതം
ബൈത്തുദുആ ശിഷ്യരിലോ ഇഷ്കിൻരംഗം!

അനുഗ്രഹം മസീഹിന്റെ പാദസ്പർശനം
അക്സ- മുബാറക്കുകളായ് ശാന്തസുന്ദരം
അണികളായി സഫ്ഫുകളിൽ അനുചരവൃന്ദം
അലിയുന്നല്ലാഹുവിൽ നമസ്കാരം നേരം!

നീളമുള്ള വേഷം അനുഭൂതികൾ മനം
രാഗമുള്ള സ്വരം തന്നിൽ പാവനവേദം
പരിശുദ്ധഖുർആനിൻ സൂക്തസമൂഹം
ഖിറാ അത്തിൽ മുഴുകി ഇമാം ഭക്തമാനസം!

വിജ്ഞാനമാം ശാലകളിൽ വിദ്യാർത്ഥിവൃന്ദം
ജ്ഞാന സമ്പന്നരായവർ ഇറങ്ങിവർഷം
മഹ്ദി ഇമാം തങ്ങളുടെ മഹൽ സന്ദേശം
ഭൂമിയുടെ കോണുകളിൽ സർവ പ്രദേശം!

അതിഥികളായ് വന്നവരിൽ വിനയാന്വിതം
ആഹാരമേകീടുന്നതാം വിശാല സദനം
പുണ്യലങ്കർഘാനകളിൽ അക്ഷയപാത്രം
അഗണ്യമായ് മഹ്ദി ഇമാമിന്നഭിലാഷം!

പുഷ്പഫലതാ പൂന്തോപ്പുകളാലലംകൃതം
സ്പഷ്ടമാകും ഖാദിയാനോ സ്വർഗ്ഗസദൃശ്യം
മഹ്ദി ഇമാം തങ്ങളുടെ ജന്മസ്വദേശം
ഏകീടുന്നിതേവരിലും അഭയസങ്കേതം!

കാണുകില്ല ഖാദിയാനിൽ വൈരാഗ്യരംഗം
കാണുകയായ് അഹ്മദിന്റെ സ്നേഹസന്ദേശം
സർവനാഥൻ അല്ലാഹുവിൽ സിക്റിൽ ഹൃദയം
പ്രവാചകർ മുഹമ്മദിൽ ഹൃത്തിലാദരം!

മസീഹ് മൗഊദിന്റേതായ പുണ്യഖബറിടം
ബിഹിഷ്തീ മഖ്ബറയാം നിത്യവസന്തം
സ്വന്തമായ ശിഷ്യരുമായ് അന്ത്യവിശ്രമം
സർവ്വനാഥൻ അല്ലാഹുവിൻ സ്നേഹിതർജനം!

വന്നണയും സത്യമായും പുനരുത്ഥാനം
നുകർന്നിടും സൽവിഭവം ത്യാഗീസമൂഹം
ഉന്നതമാം പദവികളിൽ സ്വർഗ്ഗസാഫല്യം
അന്നതവർ അല്ലാഹുവിൻ സ്നേഹോപഹാരം!

## സായാഹ്നയാത്ര



സെപ്തംബർ 8-ാം തിയ്യതി കണ്ണൂർടൗൺ ഖുദ്ദാമുൽ അഹ്മദിയ്യായുടെ ആഭിമുഖ്യത്തിൽ അത്ഫാലുകൾക്കായി ഒരു സായാഹ്ന യാത്ര സംഘടിപ്പിച്ചു. കണ്ണൂരിലെ അഴീക്കോട്- മീൻകുന്ന് ബീച്ചിലേക്കായിരുന്നു യാത്ര. പ്രകൃതിയുടെ നിത്യത ദൈവികമായ അനുഗ്രഹമാണെന്ന സന്ദേശമായിരുന്നു യാത്രയുടെ ആശയം. പരിപാടിയിൽ ദൈവികാനുഗ്രഹത്തെക്കുറിച്ചും പ്രാർത്ഥനകളെക്കുറിച്ചും ക്ലാസ്സ് സംഘടിപ്പിച്ചിരുന്നു. കെ.അബ്ദുൽ അസീസ് സാഹിബ് പ്രഭാഷണം നടത്തി. ഈ പരിപാടിക്ക് പി. ഉമർ, ഷാജിർ അഹ്മദ്, സജിൻ, ഗുലാം അഹ്മദ്, സുബിൻ തുടങ്ങിയവർ നേതൃത്വം നൽകി.

താഴെപറയുന്നവരെ വഖ്ഫെനൗവിന് വേണ്ടിയുള്ള കരിയർ പ്ലാനിംഗ് കമ്മിറ്റിയിലേക്ക് (കണ്ണൂർ സോൺ) വഖ്ഫെനൗ ഭാരതിന്റെ ചെയർമാൻ നാമനിർദ്ദേശം ചെയ്തിരിക്കുന്നു.

| | | |
|---|---|---|
| പ്രസിഡണ്ട് | - | കുഞ്ഞഹ്മദ് മാസ്റ്റർ സാഹിബ് |
| സെക്രട്ടറി | - | പി.എ. ബഷീർ |
| മെമ്പർ | - | മൗലവി മുഹമ്മദ് ഇസ്മാഈൽ |
| ,, | | സദറുദ്ദീൻ മാസ്റ്റർ പഴയങ്ങാടി |
| ,, | | അഡ്വ: ജമീൽ അഹ്മദ്, കണ്ണൂർ ടൗൺ |
| ,, | | വഹീദ സലീം, കണ്ണൂർ ടൗൺ |

അൽഹഖ്
AHMADIYYA NEWS BULLETTIN
സപ്തംബർ 2006 റംളാൻ

## നബി(സ)ക്കെതിരെ മാർപ്പാപ്പയും

**ജ**ർമ്മനിയിലെ റീഗൻസ്ബർഗ് സർവ്വകലാശാലയിൽ സപ്തംബർ 12-ന് പോപ്പ് ബെനഡിക്ട് 16-ാമൻ തന്റെ ഒരു പ്രഭാഷണത്തിനിടയിൽ ഇസ്‌ലാമിനെയും വിശുദ്ധഖുർആനെയും നബിതിരുമേനിയേയും കുറിച്ച് തെറ്റായ പരാമർശങ്ങൾ നടത്തുകയുണ്ടായി. ഇസ്‌ലാമുമായി യാതൊരു ബന്ധവുമില്ലാത്ത കാര്യങ്ങൾ പറഞ്ഞുകൊണ്ട് പോപ്പ് നടത്തിയ പ്രഭാഷണം യാദൃശ്ചികമല്ല എന്നാണ് ഞങ്ങൾ കരുതുന്നത്. ഇത്തരം പ്രസ്താവനകളിലൂടെ മുസ്‌ലിംകളുടെ വികാരങ്ങളെ വ്രണപ്പെടുത്താനും അതുവഴി അവരെ ഇളക്കിവിടാനുമുള്ള നിരന്തരശ്രമങ്ങളുടെ അവസാനത്തെ ഒരുദാഹരണം മാത്രമായേ ഇതിനെ കാണാൻ സാധിക്കൂ. ഈ പ്രസ്താവനയോടെ മുസ്‌ലിംകൾ പ്രകോപിതരാകുമെന്നും താൻ നടത്തുന്ന വിവിധ രാഷ്ട്രസന്ദർശന വേളകളിൽ അവർ തനിക്കെതിരെ തിരിയുമെന്നും അങ്ങിനെ മുസ്‌ലിംകൾ പോപ്പിനെപോലും വെറുതെ വിടുന്നില്ലായെന്ന് വരുത്തിതീർക്കാനുമുള്ള ഒരു ഗൂഢ ശ്രമംതന്നെയാണ് ഇവിടെ നടന്നിട്ടുള്ളത്. ലോകത്തിലെ മുസ്‌ലിംകൾ മുഴുവനും ഹസ്റത്ത് ഈസാ(അ)നെ പ്രവാചകനായി കണ്ടുകൊണ്ട് ബഹുമാനിക്കുന്നവരാണ്. ഒരിക്കലുംതന്നെ കോടിക്കണക്കിന് ക്രിസ്ത്യാനികൾ വിശ്വസിക്കുന്ന ഈസാ(അ)നെ പരോക്ഷമായിപോലും അപകീർത്തിപ്പെടുത്താൻ ഒരു യഥാർത്ഥ മുസ്‌ലിമിനാവുകയില്ല. അതുപോലെ നിരവധി മുസ്‌ലിംകൾ മനസ്സിലിട്ട് താലോലിക്കുന്ന നബി(സ) തിരുമേനിയെ ഇവരും ബഹുമാനിക്കേണ്ടതാണ്. കുറഞ്ഞ പക്ഷം ബഹുമാനിക്കുന്നില്ലെങ്കിൽ അപമാനിക്കാതിരിക്കേണ്ടതാണ്.

ക്രിസ്തീയർ ആരാധിക്കുന്ന ഹസ്റത്ത് ഈസാ(അ)നെ തെറ്റായി ചിത്രീകരിച്ചുകൊണ്ടുള്ള പ്രസ്താവനകൾ (ക്രിസ്തീയർ സ്വയംതന്നെ തെറ്റായി ചിത്രീകരിക്കുന്നുണ്ട്.) മുസ്‌ലിം രാഷ്ട്രനായകന്മാരിൽ നിന്നുണ്ടായാൽ എന്തായിരിക്കും പ്രതികരണമെന്ന് ഒന്നോർത്തുനോക്കേണ്ടതാണ്. അല്ലാതെ തന്നെ കാരണത്തിനുവേണ്ടി കാരണമുണ്ടാക്കി ക്രിസ്തീയരാഷ്ട്രമായ അമേരിക്കയും ബ്രിട്ടനും മറ്റും നശിപ്പിച്ചുകൊണ്ടിരിക്കുന്നത് ആരെയാണ്. എത്രയെത്ര മുസ്‌ലിം രാഷ്ട്രങ്ങളുടെ ശക്തി ഇവർ ചോർത്തിക്കളഞ്ഞു.

ഇസ്‌ലാം ബലാൽക്കാരത്തിന്റെ മതമാണെന്നും വാളുകൊണ്ടാണത് പ്രചരിച്ചതെന്നുമാണ് കുറേക്കാലമായി ഇക്കൂട്ടർ പ്രചരിപ്പിച്ചുകൊണ്ടിരിക്കുന്നത്. 14-ാം നൂറ്റാണ്ടിൽ നടന്ന ഒരു സംവാദത്തിലെ വാക്കുകൾ എടുത്തുദ്ധരിച്ചുകൊണ്ട് നബിതിരുമേനി(സ) ലോകത്തിനു നൽകിയ പാഠം ദുഷിച്ചതും മനുഷ്യത്വരഹിതവുമായതാണെന്നാണ് പോപ്പ് പറഞ്ഞിരിക്കുന്നത്. പ്രശ്നം വഷളാകുമെന്ന് കണ്ടപ്പോൾ അദ്ദേഹം മാപ്പ് പറഞ്ഞിട്ടുണ്ട്. എന്നാൽ, മാപ്പ് പറഞ്ഞതുകൊണ്ടുമാത്രം ഈ പ്രശ്നം അവസാനിക്കുമെന്ന് കരുതാൻ നിവൃത്തിയില്ല. തൽക്കാലം പ്രശ്നമൊന്ന് ശമിച്ചെങ്കിലും പാശ്ചാത്യർ വീണ്ടും ഇസ്‌ലാമിനും നബി(സ) തിരുമേനിക്കുമെതിരെ പറഞ്ഞുകൊണ്ടിരിക്കുമെന്നത് തീർച്ചയാണ്.

നബിതിരുമേനിയുടെയും ഇസ്‌ലാമിന്റേയും യഥാർത്ഥ പാഠം സ്വയം പഠിക്കുകയും അത് അമുസ്‌ലിംകളുടെ ഇടയിൽ പ്രചരിപ്പിക്കുകയും ചെയ്യണമെന്നാണ് മുസ്‌ലിംകളോട് ഞങ്ങൾക്ക് അഭ്യർത്ഥിക്കാനുള്ളത്. വികലമായ ജിഹാദിസങ്കൽപങ്ങൾ നാം വെടിഞ്ഞേതീരൂ. ഇസ്‌ലാമിനെ സ്വന്തം താൽപര്യത്തിനുപയോഗിക്കുന്ന ഒരു ന്യൂനപക്ഷം ഈ പാശ്ചാത്യരുടെ നിഗൂഢപ്രവർത്തനങ്ങളെ സഹായിക്കുകയാണ് ചെയ്യുന്നത്. നബിതിരുമേനിയുടെയും ഖലീഫമാരുടെയും കാലഘട്ടത്തിലും ഇസ്‌ലാമിനെതിരായ പ്രചാരണങ്ങൾ ഉണ്ടായിട്ടുണ്ട്. പക്ഷേ, ആത്മീയനേതൃത്വം ഉള്ളതിനാൽ അതിനെ അതിജീവിക്കാൻ അന്ന് സാധിച്ചിരുന്നു. ഇന്ന് ഭൂരിപക്ഷ മുസ്‌ലിംകൾക്ക് നേതൃത്വമില്ല. ഈ കാലഘട്ടത്തിൽ മുസ്‌ലിംകൾക്കു ലഭിക്കേണ്ട നേതൃത്വം ദൈവം കൊണ്ടുവന്നെങ്കിലും അവരത് ഗൗനിച്ചില്ല. അഹ്മദിയ്യാ ഖിലാഫത്തിനെ ഗൗനിച്ചെങ്കിൽ മാത്രമേ ഇത്തരം ആക്ഷേപങ്ങൾ ഇല്ലാതാക്കാൻ സാധിക്കൂ എന്നാണ് ഞങ്ങൾക്ക് പറയാനുള്ളത്.

# നോമ്പ്- മോക്ഷപ്രാപ്തിക്കുള്ള മാർഗ്ഗം

എസ്. ഉദ്ദീൻ

മോക്ഷപ്രാപ്തി കൈവരിക്കുന്നതിന് ഇസ്‌ലാം നിർദ്ദേശിക്കുന്ന വിവിധ കർമ്മങ്ങളിൽ വളരെയധികം പ്രാധാന്യമർഹിക്കുന്ന ഒന്നാണ് വ്രതാനുഷ്ഠാനം. വ്രതാനുഷ്ഠാനം മുസ്‌ലിംകൾക്ക് മാത്രമായി വിധിക്കപ്പെട്ടതല്ല എന്ന് ഖുർആനിൽനിന്നും നമുക്ക് മനസ്സിലാകുന്നു. "അല്ലയോ വിശ്വാസികളേ നിങ്ങൾക്ക് മുമ്പുള്ളവർക്ക് നിർബന്ധമാക്കപ്പെട്ടതുപോലെ വ്രതാനുഷ്ഠാനം നിങ്ങൾക്കും നിർബന്ധമാക്കപ്പെട്ടിരിക്കുന്നു. നിങ്ങൾ തഖ്‌വ ഉള്ളവരായിരിക്കുന്നതിനുവേണ്ടി. (2:183) സർവ്വമനുഷ്യരെയും സംസ്കരിച്ചെടുക്കാൻ പര്യാപ്തമായ അനുഷ്ഠാനമാണ് വ്രതാനുഷ്ഠാനം എന്ന് മേൽ ഖുർആനിക വചനത്തിൽനിന്നും മനസ്സിലാക്കാവുന്നതാണ്. ഇസ്‌ലാമിലെ മറ്റു ആരാധനാകർമ്മങ്ങൾ, നമസ്കാരം, ഹജ്ജ്, സക്കാത്ത് എന്നിവയൊക്കെ മനുഷ്യൻ അവന്റെ നന്മയ്ക്കുവേണ്ടി ചെയ്യുമ്പോൾ വ്രതാനുഷ്ഠാനം അല്ലാഹുവിന് മാത്രമുള്ളതാണെന്നാണ് ഖുർആൻ പറയുന്നത്. "നോമ്പ് എനിക്കുള്ളതാണ്. ഞാനാണതിനുള്ള പ്രതിഫലം" എന്ന് അല്ലാഹു പറയുന്നു. അതായത് വ്രതാനുഷ്ഠാനത്തിലൂടെ മനുഷ്യന് അല്ലാഹുവിനെ തന്നെ ലഭിക്കുന്നു. അല്ലാഹുവിന്റെ സുഹൃത്താവുക എന്നതാണ് ഓരോ വിശ്വാസിയുടെയും ലക്ഷ്യമെന്നിരിക്കെ നോമ്പിന്റെ പ്രാധാന്യം എത്രമേൽ മഹത്തരം. അതുകൊണ്ടുതന്നെയാണ് മനുഷ്യൻ അല്ലാഹുവിന്റെ കല്പനയൊന്നുകൊണ്ടു മാത്രം അനുവദനീയമായ സുഖസൗകര്യങ്ങൾ ത്യജിക്കാൻ തയ്യാറാകുന്നത്.

നോമ്പ്മാസം വിശ്വാസികൾക്ക് ഒരു പരിശീലന മാസമാണ്. പലതിന്റെയും പരിശീലനമാസം. മതസേവനരംഗത്തും സമസൃഷ്ടിസേവനരംഗങ്ങളിലും അനുഭവിക്കേണ്ടിവരുന്ന ക്ലേശങ്ങൾ സ്വയം അനുഭവിച്ചറിയാനുള്ള ഒരു സംരംഭമാണത്. ക്ലേശങ്ങൾ അനുഭവിക്കുന്നതിനുള്ള ശീലം ലഭ്യമാകുന്നതോടൊപ്പം ദൈവപ്രീതി കരഗതമാകുന്നതിനാവശ്യമായ ത്യാഗബോധവും വ്രതാനുഷ്ഠാനത്തിലൂടെ ഉണ്ടായിത്തീരുന്നു. ആഹാര പാനീയങ്ങൾ ഉപേക്ഷിക്കുന്നതിലൂടെ വിശപ്പും ദാഹവും സഹിക്കേണ്ടുന്ന സന്ദർഭങ്ങളിൽ മനുഷ്യന് അതിന് സാധിക്കുന്നു. മനുഷ്യൻ പലതരം ഇച്ഛകൾക്ക് വശംവദരാണ്. ആഗ്രഹങ്ങളെ അടിച്ചമർത്തിവെക്കാനും ക്രോധം നിയന്ത്രിക്കാനും നോമ്പ്കാരനാകുന്നു. അസൂയ, ദുരാഗ്രഹം, ക്രോധം തുടങ്ങിയവയാണല്ലോ ലോകത്ത് പലവിധ കുഴപ്പങ്ങളുടെയും വിത്ത് പാകുന്നത്. ഒരുവനുണ്ടായ നേട്ടങ്ങളിൽ അസൂയപൂണ്ട് അവനോളം എത്താൻ മനുഷ്യൻ പാടുപെടുന്നു. ക്രോധം വലുതായ അക്രമങ്ങൾക്ക് കാരണമാകുന്നു. വ്രതാനുഷ്ഠാനമെന്ന പരിശീലനത്തിലൂടെ ഇതൊക്കെ നിയന്ത്രിക്കാനും അതുവഴി സമൂഹത്തിൽ സമാധാനം നിലനിർത്താനും സാധിക്കുന്നതാണ്. ഇതിനുപുറമെ പല ദുശ്ശീലങ്ങളിൽനിന്നും രക്ഷനേടാനുള്ള ഒരു കളരി കൂടിയാണ് നോമ്പ്. പുകവലി പോലുള്ള ദൂഷ്യങ്ങൾ നോമ്പുകാരൻ അല്ലാഹുവിനുവേണ്ടി വർജ്ജിക്കാൻ തയ്യാറാകുന്നതിലൂടെ അത്തരം കാര്യങ്ങൾ ജീവിതത്തിൽനിന്നും എന്നെന്നേക്കുമായി തുടച്ചുനീക്കാൻ അവന് സാധിക്കുന്നു.

നോമ്പ് എളിമത്വത്തിന്റെയും കുലീനതയുടെയും പ്രതീകമാണ്. എന്നാൽ ഇന്നത്തെ മുസ്‌ലിംസമൂഹം ഇത് മറന്നിരിക്കുന്നു. സ്വന്തം സുഖസൗകര്യങ്ങൾക്കും ആർഭാടത്തിനും ഭക്ഷണത്തിനും മറ്റുമായി ധാരാളം പണം ചെലവഴിക്കുന്ന ഒരു മാസമായി ഇന്ന് നോമ്പ് മാറിക്കഴിഞ്ഞിരിക്കുന്നു. ലോകത്തിലെ ദരിദ്രകോടികൾ അനുഭവിക്കുന്ന കഷ്ടപ്പാടുകളും വിഷമങ്ങളും നോമ്പിലൂടെ മനസ്സിലാക്കേണ്ടതുണ്ട്. എന്നാൽ മനുഷ്യന് ഇന്നതിന് സമയമില്ല. സമൂഹത്തിലെ ദുരിതരുടെ കണ്ണീരൊപ്പാൻ അവരുടെ കഷ്ടപ്പാടുകളകറ്റാൻ നോമ്പ് ഉപാധിയാകേണ്ടതാണ്. കഴിയുന്നത്ര ചിലവ് കുറച്ച് മിച്ചം ലഭിക്കുന്ന പണം സൃഷ്ടിസേവനത്തിന് ഉപയോഗിക്കുന്നതിനു പകരം നോമ്പ് തുറക്കുന്നതിനും അത്താഴം കഴിക്കുന്നതിനും വൻതുകതന്നെ ചെലവാക്കുന്ന

(ശേഷം 6-ാം പേജിൽ)

(1-ാം പേജിൽനിന്ന്)

അതിന്റെ യാഥാർത്ഥ്യം മനസ്സിലാക്കാനുള്ള അനിവാര്യമായ ധർമ്മം നിറവേറ്റാതെ ഖാസിമാർ മുസ്‌ലിം സമൂഹത്തെ കബളിപ്പിക്കുകയാണ് ചെയ്തിട്ടുള്ളത്. കേരളത്തിലെ ചന്ദ്രാസ്തമയത്തിന് കേവലം ഒരു മണിക്കൂർ മുമ്പാണ് ന്യൂമൂൺ (ഇരുണ്ട ചന്ദ്രൻ) പോലും ഉണ്ടായത്, ദൃശ്യ യോഗ്യമായ അളവിൽ കോണീയ അകലം (Elongation Angle) കൈവരിക്കാതെയാണ് കേരളക്കരയിൽ സൂര്യാസ്തമയത്തിനു മുമ്പേ ചന്ദ്രൻ അസ്തമിച്ചു പോയത്. അതിനാൽ ശനിയാഴ്ച കേരളതീരത്ത് മാസപ്പിറവി കണ്ടു എന്ന വാർത്ത ശരിവെക്കാൻ വിവരമുള്ള ഒരാൾക്കും സാധ്യമല്ല. കണക്കുകളനുസരിച്ച് മാസപ്പിറവി ദർശനസാധ്യത ഒന്നോ രണ്ടോപേർ സാക്ഷ്യം നിൽക്കുന്നുവെന്നിരിക്കട്ടെ. കണക്ക് അത് കാണുവാനുള്ള സാധ്യത നിഷേധിക്കുകയും ചെയ്യുന്നു. അതിനെ സംബന്ധിച്ച് സുബ്കി പറയുന്നത് സാക്ഷ്യം സ്വീകരിക്കാൻ പാടില്ല എന്നാണ്. കാരണം കണക്ക് ഖണ്ഡിതമാണ്. സാക്ഷ്യം ഊഹവും. ഊഹം ഖണ്ഡിതമായതിനെ തിരസ്കരിക്കുകയുമില്ല. (ഇആനത്തുത്ത്വാലിബീൻ: വാ: 2 പേ: 215)

തുഹ്ഫയിൽ ഇബ്നു ഹജറുൽ ഹൈതമി ഇപ്രകാരം വിശദീകരിക്കുന്നു. കണക്കിൽ സ്വീകരിച്ച പ്രാഥമികതത്വങ്ങൾ ഖണ്ഡിതമാണെന്ന് ശാസ്ത്രകാരന്മാർക്ക് ഏകാഭിപ്രായമുണ്ടാവുകയും കണക്ക് പ്രസ്താവിച്ചവർ ധാരാളം പേരുണ്ടാകുകയും ചെയ്താൽ സാക്ഷിത്വം തള്ളേണ്ടതാണ്. അല്ലെങ്കിൽ പറ്റില്ല. (ഇആനത്തുത്ത്വാലി ബീൻ: 2/216) സൂര്യനും ചന്ദ്രനും ഏതുസമയത്ത് എവിടെയൊക്കെ സ്ഥിതി ചെയ്യുന്നുവെന്ന് കൃത്യമായി പ്രവചിക്കാൻ ശാസ്ത്രത്തിനു കഴിയും എന്ന വസ്തുത അംഗീകരിച്ചുകൊണ്ടാണ് പ്രാമാണിക രായ പണ്ഡിതന്മാർ ഇത്തരം പരാമർശങ്ങൾ നടത്തിയിട്ടുള്ളത്. ശാസ്ത്രകാരന്മാരാകട്ടെ ഇവ നിർണയിക്കുന്നതിൽ ഏകാഭിപ്രായക്കാരുമാണെന്നതിനാൽ മാസപ്പിറവിയുടെ കാര്യത്തിൽ ഖണ്ഡിതമായ ഈ കണക്കുകൾ വിസ്മരിക്കുന്നത് തീർത്തും അപലപനീയമാണ്. ഗോളശാസ്ത്ര കണക്കുകൾക്കു ഇല്ലാത്ത ദിവസങ്ങളിൽ വിശ്വസ്തരായ സാക്ഷികളുടെപോലും മൊഴി മുഖവിലക്കെടുക്കേണ്ടതില്ല എന്ന ശാഫിഈമദ്ഹബിലെ പ്രഗത്ഭരായ പണ്ഡിതരുടെ നിർദ്ദേശങ്ങളെയാണ് കേരളത്തിലെ ഖാസിമാർ ചവിട്ടിയരച്ചത്. ശാഫിഈ മദ്ഹബിലെ പ്രസിദ്ധ ഗ്രന്ഥമായ മുഗ്നിയിൽ പറയുന്നത് കാണുക. മാസപ്പിറവി ദൃശ്യമായതായി ഒന്നോ രണ്ടോ പേർ സാക്ഷി പറഞ്ഞു. എന്നാൽ, കണക്ക് അതു കാണുന്നതിനുള്ള സാധ്യത തള്ളിക്കളയുകയും ചെയ്യുന്നു. അപ്പോൾ എന്തു ചെയ്യണം? ഇമാം സുബ്കി പറയുന്നു: ഈസന്ദർഭത്തിൽ മാസപ്പിറവി കണ്ടു എന്നു പറയുന്നവരുടെ സാക്ഷിത്വം സ്വീകരിക്കാൻ പാടില്ല. നിശ്ചയം കണക്ക് ഖണ്ഡിതമാണ്. സാക്ഷ്യമാവട്ടെ, ഊഹം മാത്രവുമാണ്. ഊഹം ഖണ്ഡിതമായതിനെ എതിരിടുകയില്ല. പിന്നീട് ഇമാം സുബ്കി ഈ സാക്ഷ്യം തള്ളിക്കളയേണ്ടതാണ് എന്ന കാര്യം ദീർഘമായി പ്രസ്താവിച്ചിട്ടുണ്ട്. (മുഗ്നി: വാ: 1 പേ: 421) വിരുദ്ധമായി വിശ്വസ്തരായവരുടെ സാക്ഷ്യം പോലും സ്വീകരിച്ചുകൂടാ എന്ന്.

തങ്ങൾഅംഗീകരിക്കുന്ന ശാഫിഈ പണ്ഡിതന്മാരുടെ അഭിപ്രായ ത്തിനു വിരുദ്ധമായി യാതൊരു ശാസ്ത്രീയാടി സ്ഥാനവുമില്ലാത്ത കണ്ണൂരിലെ പിറവി വാർത്ത റമസാൻ ആരംഭത്തിനു മാനദണ്ഡമായി സ്വീകരിച്ച ഖാസിമാരുടെ നടപടി പ്രാമാണികരായ പണ്ഡിതരുടെ അധ്യാപനങ്ങളോടും ഗോളശാസ്ത്ര യാഥാർത്ഥ്യങ്ങളോടുമുള്ള തികഞ്ഞ വെല്ലുവിളിയായി കേരളീയ മുസ്‌ലിം സമൂഹം കാണേണ്ടതുണ്ട്.

# മൊണാലിസ വീണ്ടും ചിരിക്കുന്നു

ന്യൂസ് ഡെസ്ക്

ലിയനാർഡോ ഡാവിഞ്ചിയുടെ അതിപ്രശസ്ത ചിത്രം 'മൊണാലിസ' വീണ്ടും വിവാദങ്ങൾക്ക് നടുവിലാകുന്നു. യേശുവിന്റെ അന്ത്യഅത്താഴം ചിത്രീകിച്ച ഡാവിഞ്ചി കോഡ് നോവലും, സിനിമയും ലോകത്തെമ്പാടും ഉയർത്തിയ കോലാഹലങ്ങൾ ഒട്ടൊന്നടങ്ങുമ്പോഴേക്കും ഡാവിഞ്ചിയുടെ മറ്റൊരു ചിത്രംകൂടി ചർച്ച ചെയ്യപ്പെടുന്നു. മൊണാലിസ എന്ന 16-ാം നൂറ്റാണ്ടിലെ ഡാവിഞ്ചി ചിത്രം വലിയൊരു പ്രഹേളികയായിട്ടാണ് കരുതപ്പെടുന്നത്. ചിത്രത്തിലെ നായികയായ സ്ത്രീയുടെ വദനത്തിൽ വിരിയുന്ന നേർത്ത മന്ദഹാസം ഏറെക്കാലം ചിത്ര-സാഹിത്യ പ്രതിഭകളെ കുഴക്കിയിരുന്നു. ഈ ഋജു മന്ദഹാസത്തിന്റെ അർത്ഥം പലരും പലരീതിയിൽ വ്യാഖ്യാനിച്ചിരുന്നു. മാത്രവുമല്ല, ഈ കഥാനായിക ആരാണെന്നതിനെക്കുറിച്ച് പരക്കേ അഭ്യൂഹങ്ങളുമുണ്ടായിരുന്നു. 16-ാം നൂറ്റാണ്ടിലെ ഒരു ഫ്ളോറന്റീൻ പട്ടുവ്യാപാരിയുടെ ഭാര്യയായ ലിസാഗെദാർദിനിയുടേതാണീ ഛായാചിത്രം എന്ന് പരക്കേ വിശ്വസിക്കപ്പെടുന്നു.

അടുത്തകാലത്തായി ഫ്രഞ്ച്-കനേഡിയൻ ഗവേഷകർ നടത്തിയ പരീക്ഷ

(ശേഷം 5-ാം പേജിൽ )

# പ്രകാശം പരത്തുന്ന ജീവിതങ്ങൾ

## (സഹാബിമാരുടെ ജീവിതാനുഭവങ്ങൾ)

### ശൈഖ് അബ്ദുർ റഹ്മാൻ സാഹിബ് (റ) (ഭാഗം - 2)

പി.കെ. വാഴക്കാല



തങ്ങളുടെ പുത്രൻ ഇസ്‌ലാമിക വിഷയങ്ങളിലും സുഹൃത്ത്ബന്ധങ്ങളിലും കാണിക്കുന്ന അമിതാവേശം മനസ്സിലാക്കിയ പിതാവ് തദ്വിഷയകമായി ഒരു വാഗ്വാദത്തിന് മുതിരാതെ വളരെ തന്ത്രപൂർവ്വം അവിടെനിന്ന് സ്ഥലം മാറിപ്പോകുവാൻ തീരുമാനിക്കുകയും അത് നടപ്പിലാക്കുകയും ചെയ്തു. ഹരിശ്ചന്ദറിനിത് വലിയൊരാഘാതമായി. സുഹൃത്തുക്കളുമായുള്ള കത്തിടപാടുകൾ പോലും വിലക്കപ്പെട്ടു. പുതിയ സ്ഥലത്ത് വീട്ടുതടങ്കലിലെന്നോണം ദിനരാത്രങ്ങൾ കഴിച്ചുകൂട്ടി. ഒടുവിൽ ഒരു ജോലിയാവശ്യാർത്ഥമെന്നോണം, കുടുംബബന്ധങ്ങളും സുഖസൗകര്യങ്ങളും ഉപേക്ഷിച്ചുകൊണ്ട് ഹസ്റത്ത് ബുദ്ധനെപ്പോലെ ഒരു സത്യാന്വേഷിയായി ഹരിശ്ചന്ദർ തന്റെ വീടുവിട്ടിറങ്ങി. സിയാൽകോട്ടിൽ സയ്യിദ് ഹൈദർ എന്ന സുഹൃത്തിന്റെ വീട്ടിലെത്തിച്ചേർന്നു. അവിടെ വെച്ച് ഹസ്റത്ത് അഹ്മദ് (അ)ന്റെ ഗ്രന്ഥങ്ങളായ 'നിശാനെ ആസ്മാനി', 'അൻവാറുൽ ഇസ്‌ലാം' എന്നിവ വായിച്ചുതീർത്തു. അതിനെ തുടർന്ന് നിസ്കാരം ഹൃദിസ്ഥമാക്കുകയും അത് കൃത്യമായി അനുഷ്ഠിച്ചുപോരുകയും ചെയ്തു. ഇസ്‌ലാം സ്വീകരിച്ചുകൊണ്ട് താനൊരു മുസ്‌ലിമാണെന്ന് പ്രഖ്യാപിക്കണമെന്നുള്ള ആഗ്രഹം ഹരിശ്ചന്ദർ തന്റെ സുഹൃത്തിനെ അറിയിച്ചു, സന്തോഷവാനായ സുഹൃത്ത് പ്രസ്തുത വിഷയം സയ്യിദ് മീർ ഹാമിദ് ശാഹ് സാഹിബ് (റ)നെ അറിയിച്ചു. വിശാലബന്ധവും ഉന്നതാധികാരവുമുള്ള ഒരു ഹൈന്ദവകുടുംബത്തിലെ അംഗമായതിനാൽ സിയാൽകോട്ടിൽവച്ചുള്ള ഇസ്‌ലാംമത സ്വീകരണം കുഴപ്പങ്ങൾ സൃഷ്ടിക്കുമെന്ന് മീർ സാഹിബ് മനസ്സിലാക്കി. ആയതിനാൽ ഖാദിയാനിലേക്ക്പോകാനുള്ള നിർദ്ദേശം ഭായിജിക്ക് നൽകി. ഇസ്‌ലാമിനോട് സ്വതവേ സ്നേഹമുണ്ടായിരുന്ന തന്റെ ഹൃദയത്തെ കൂടുതൽ ദൈവീകജ്ഞാനങ്ങൾ കൊണ്ട് പ്രകാശപൂരിതമാക്കിയ ഹസ്റത്ത് അഹ്മദ് (അ)ന്റെ ഗ്രന്ഥങ്ങൾ മുഖേന ഖാദിയാനോട് ഭായിജിക്ക് നേരത്തേതന്നെ താല്പര്യമുണ്ടായിരുന്നു. മീർസാഹിബിന്റെ തീരുമാനത്തെ സ്വാഗതം ചെയ്തുകൊണ്ട് അദ്ദേഹം ഒരു വ്യാഴാഴ്ച പരിശുദ്ധഖാദിയാനിലേക്ക് യാത്രയായി.

ദൈവമാർഗ്ഗത്തിൽനിന്ന് മനുഷ്യനെ തടയുന്നതിന്നായി പിശാച് എപ്പോഴും തയ്യാറായിരിക്കുകയും അതിനായി പരിശ്രമിച്ചുകൊണ്ടിരിക്കുകയും ചെയ്യാറുണ്ടല്ലോ. അത് ഭായിജിക്കും അനുഭവപ്പെട്ടു. ഖാദിയാനിൽ ഹസ്റത്ത് അഹ്മദ് (അ)ന്റെ കവാടത്തിലേക്കെത്തുന്നതിന് ഭായിജിക്ക് ധാരാളം വിഘ്നങ്ങളെ നേരിടേണ്ടിവന്നു. ഹൈന്ദവ വേഷധാരിയായിരുന്ന അദ്ദേഹത്തെ മിർസാ സാഹിബുമായി കൂടിക്കാഴ്ച നടത്താതിരിക്കാൻ ഹിന്ദുക്കളും ക്രിസ്തീയരും സ്നേഹത്തോടെയും അനുനയത്തോടെയുമുള്ള ഒരു ശ്രമം നടത്തി. അത് വിജയിക്കാതെ വന്നപ്പോൾ വധഭീഷണി മുഴക്കി. പക്ഷേ, ഇതൊന്നും അദ്ദേഹത്തെ തളർത്തിയില്ല. ഭായിജി തന്റെ ലക്ഷ്യത്തിലേക്ക്- വാഗ്ദത്ത മസീഹിലേക്ക്- നടന്നടുക്കുകതന്നെ ചെയ്തു. 1895-ൽ ഹസ്റത്ത് അഹ്മദ്(അ) തന്റെ അനുഗ്രഹീത നാവുകൊണ്ട് ഭായിജിക്ക് കലിമ ചൊല്ലിക്കൊടുത്തു. ഭായിജി(റ) ഇസ്‌ലാംമത വിശ്വാസിയായി. അബ്ദുർ റഹ്മാൻ എന്ന നാമം സ്വീകരിക്കുകയും ചെയ്തു.

തങ്ങളുടെ ജീവിതം ഇസ്‌ലാമിനുവേണ്ടി വഖഫ് ചെയ്യാനുള്ള ആഹ്വാനം വാഗ്ദത്ത മസീഹ്(അ) തന്റെ അനുയായികൾക്ക് നൽകിയപ്പോൾ ഭായിജിയും തന്റെ ജീവിതം വഖ്ഫ് ചെയ്തു. ഈ ശിഷ്യന്റെ ത്യാഗവും അർപ്പണബോധവും അല്ലാഹുവിന്റെ മാർഗ്ഗത്തിൽ നേരിടേണ്ടി വന്ന പീഠനങ്ങളും അനുസ്മരിച്ചുകൊണ്ട് ഹസ്റത്ത് അഹ്മദ്(അ) ഒരിക്കൽ ഇങ്ങനെ എഴുതി.

"ശൈഖ് അബ്ദുർറഹ്മാൻ സാഹിബിനെ ഒരിക്കൽ അദ്ദേഹത്തിന്റെ കുടുംബക്കാർ വഞ്ചനാത്മകമായി കൊണ്ടുപോയി തടങ്കലിലാക്കി. എന്നാൽ അല്ലാഹു അദ്ദേഹത്തെ രക്ഷപ്പെടുത്തി. സ്വയം ഇവിടെ എത്തിച്ചേർന്നു. (*മൽഫൂസാത്ത്*).


(തുടരും)

*(1-ാം പേജിൽ നിന്ന്)*

ണങ്ങൾക്കൊടുവിൽ വിചിത്രമായ പലതും പുറത്തുകൊണ്ടുവരപ്പെട്ടു. അത്യന്താധുനികമായ ഒരു കനേഡിയൻ ലേഡർ ക്യാമറയുപയോഗിച്ചാണ് പരീക്ഷണം നടന്നത്. ചിത്രത്തിന്റെ ത്രിമാനദർശനം സാധ്യമാക്കുന്ന ഈ ക്യാമറ നഗ്നനേത്രങ്ങൾക്കും, ക്യാമറകൾക്കു തന്നെയും കണ്ടുപിടിക്കാൻ വിഷമമുള്ള കാര്യങ്ങളാണ് ചികഞ്ഞെടുത്തത്. പരീക്ഷണങ്ങളിലൂടെ മനസ്സിലാക്കാൻ പറ്റിയത് ചിത്രത്തിലുള്ള സ്ത്രീ നീളമുള്ള ഒരു പുറംചട്ട (ഓവർകോട്ട് പോലുള്ളത്) അണിഞ്ഞിരുന്നുവെന്നതാണ്. സാധാരണ കാഴ്ചയിൽ ചിത്രത്തിന്റെ വലതുകൈയുടെ ഭാഗത്തായി ഇത് പശ്ചാത്തലത്തിന്റെ ഭാഗമായി മാത്രമേ കാണികൾക്ക് തോന്നുകയുള്ളൂ. ഈ വസ്ത്രത്തിനുമുണ്ട് പ്രത്യേകത.എന്തെന്നാൽ കുഞ്ഞിനെ മുലയൂട്ടിക്കൊണ്ടിരിക്കുന്നതോ പ്രസവം അടുത്തതോ ആയ സ്ത്രീകൾ ധരിക്കുന്നതത്രെ ഇത്. പുതിയ ഗവേഷണങ്ങൾ പറയുന്നതനുസരിച്ചാണെങ്കിൽ ലേഡി ഗർഭിണിയുടെ മൂന്നാമത്തെ കുഞ്ഞ് പിറന്ന അവസരത്തിലാവാം ചിത്രം വരക്കപ്പെട്ടത്.

മൊണാലിസയുടെ മന്ദഹാസം പോലെതന്നെ അവരുടെ സുശാന്തവും, നിർമ്മലവുമായ പോസ്സിംഗും വളരെയേറെ പ്രശസ്തമാണ്. എന്നാൽ, ഇത് ശരിയല്ലെന്നും ചിത്രത്തിന്റെ ഒരു കൈ വരച്ചിരിക്കുന്നത് ഉദാസീനമായിട്ടല്ല മറിച്ച്, കസേരയിൽ മുറുകെ പിടിച്ചരീതിയിലാണെന്ന് ഗവേഷക സംഘാംഗങ്ങൾ പറയുന്നു. കസേരയിൽനിന്ന് എഴുന്നേൽക്കാനുള്ള തിടുക്കത്തിലായിരുന്നു ഗർഭിണിയെന്ന് ഇവർ കണ്ടെത്തുന്നു. ചുരുക്കത്തിൽ ലിയനാഡോ ഡാവിഞ്ചിയുടെ ജീവിതം പോലെ തന്നെ അദ്ദേഹത്തിന്റെ ചിത്രങ്ങളും ദുരൂഹമായ ചിഹ്നങ്ങൾ മറച്ചുവെച്ചിരിക്കുന്നു.


## അഹ്മദിയ്യാ ജമാഅത്തിലെ വീരശുഹദാക്കൾ




ചൗദരി അത്താഉല്ലാ സാഹിബ്



ഗുലാം മുഹമ്മദ് സാഹിബ്



ചൗദരി ഇഫ്തിഖാർ അഹ്മദ് സാഹിബ്



ശഹസാദ് അഹ്മദ് സാഹിബ്

2000 ഒക്ടോബർ 30-നാണ് ഇവർ ശഹീദാക്കപ്പെട്ടത്. സിയാൽക്കോട്ടിലെ ഗാട്ടിയാലൻ എന്ന പ്രദേശത്തെ അഹ്മദിയ്യാ മുസ്‌ലിം മസ്ജിദിൽ കടന്ന തിരിച്ചറിയപ്പെടാത്ത ഭീകരർ വിവേചനരഹിതമായി നടത്തിയ വെടിവെപ്പിലാണ് ഇവർ വീരമൃത്യുവരിച്ചത്. (***ഇന്നാലില്ലാഹി വ ഇന്നാഇലയ്ഹി റാജിഊൻ***)

*(3-ാം പേജിൽ നിന്ന്)*

ബലാൽക്കാരം ചെയ്തതിന് ഒരുദാഹരണം പോലും ഇസ്‌ലാമിൽ കിട്ടുകയില്ല. നബി(സ) തിരുമേനി ബലാൽക്കാരം ചെയ്തുവെന്ന് ആക്ഷേപം ഉന്നയിക്കുന്നു. കാപട്യത്തോടെ ആരെങ്കിലും ഇസ്‌ലാം സ്വീകരിക്കുന്നതുപോലും അവിടന്ന് സഹിച്ചിരുന്നില്ല. ഒരു നിവേദനത്തിൽ വന്നിരിക്കുന്നു. അവിശ്വാസിയായ ഒരു തടവുകാരൻ ഹാജരാക്കപ്പെട്ടു. എന്നെ എന്തിനാണ് തടവിലാക്കിയത്, ഞാൻ മുസൽമാനാണെന്ന് അയാൾ പറഞ്ഞു. അവിടന്ന് പറഞ്ഞു, അങ്ങനെയല്ല. നീ ആദ്യമെ ഇസ്‌ലാം സ്വീകരിച്ചിരുന്നുവെങ്കിൽ അത് നേരാകുമായിരുന്നു. ഇപ്പോൾ താങ്കൾ യുദ്ധത്തടവുകാരനാണ്. സ്വതന്ത്രനാകുന്നതിനുവേണ്ടിയാണ് മുസ്‌ലിമാകുന്നത്. നിർബന്ധിച്ച് അയാളെക്കൊണ്ട് ഇസ്‌ലാം സ്വീകരിപ്പിക്കാൻ അവിടന്ന് ഇഷ്ടപ്പെട്ടില്ല. എന്നല്ല, അവിടന്ന് ആഗ്രഹിച്ചിരുന്നത് ഹൃദയം അല്ലാഹുവിന്റെ സന്നിധിയിൽ സമർപ്പിക്കാനാണ്. പിന്നീട് ആ തടവുകാരനെ മോചിപ്പിക്കുകയും ചെയ്തു.

നബി(സ) തിരുമേനിയുടെ ഖലീഫമാരുടെ സമ്പ്രദായം എന്തായിരുന്നു. അമുസ്‌ലിംകളിൽനിന്ന് കർശനമായി ജിസ്‌യ പിരിച്ചെടുക്കുന്ന ഒരു സ്ഥലത്തൂടെ ഹസ്റത്ത് ഉമർ(റ) പോകുകയായിരുന്നു. അതുകണ്ടപ്പോൾ ഉടനെ അദ്ദേഹം അവിടെ നിന്നു. എന്താണ് പ്രശ്നമെന്ന് ദ്വേഷത്തോടെ ചോദിച്ചു. ഇവർ ജിസ്‌യ അടക്കുന്നില്ലെന്നും, തങ്ങൾക്ക് അതിന് കഴിവില്ലെന്ന് ഇവർ പറയുന്നുവെന്നും അറിയിച്ചു. ഹസ്റത്ത് ഉമർ(റ) പറഞ്ഞു: അവർക്ക് കഴിവില്ലാത്തതുകൊണ്ട് അവരുടെമേൽ ഭാരമിടാൻ ഒരു കാരണവുമില്ല. അവരെ വിട്ടയക്കുക. 'ആരാണോ ഇഹലോകത്ത് ജനങ്ങളെ ബുദ്ധിമുട്ടിക്കുന്നത് അവൻ ഖിയാമത്തുന്നാൾ അല്ലാഹുവിന്റെ ശിക്ഷയ്ക്കിരയാകും' എന്ന് നബി (സ) പറഞ്ഞത് ഞാൻ കേട്ടിട്ടുണ്ട്. അങ്ങനെ അവർക്ക് ജിസ്‌യ മാപ്പാക്കപ്പെട്ടു.

യാഥാസ്ഥിതികത്വത്തിന് വശംവദരാകാത്ത ആളുകൾ ഒരുമടിയും കൂടാതെ അംഗീകരിക്കുന്ന ഒരു കാര്യമുണ്ട്. അതായത്, നബി(സ) തിരുമേനി തന്റെ അദ്ധ്യാപനം മുഖേന നരബലിക്കു പകരം നമസ്കാരവും ദാനധർമ്മങ്ങളും തുടങ്ങി. ഇത് ശത്രുതയുടേയും കലഹങ്ങളുടേയും സ്ഥാനത്ത് നല്ലൊരു സമൂഹത്തിന്റെ ആത്മാവ് ജനങ്ങളിലൂതി. അത് പൗരസ്ത്യലോകത്തിന് ഒരനുഗ്രഹമായിരുന്നു. ഇക്കാരണത്താൽ നബി(സ) തിരുമേനിക്ക് മൂസാ(അ)നെപ്പോലെ ബിംബാരാധനയെ ഇല്ലാതാക്കാൻ ബലം പ്രയോഗിക്കേണ്ടി വന്നില്ല. അതുകൊണ്ട് മനുഷ്യകുലത്തിന്റെ ഉന്നമനത്തിനായി ദൈവം കനിഞ്ഞരുളിയ ഈ ചിന്താധാരയെ, എല്ലാ പ്രശ്നങ്ങളും പരിഹരിക്കുന്നതിനുവേണ്ടി സൃഷ്ടിച്ചിട്ടുള്ള ഈ മതത്തെ വിവരമില്ലാതെ അധിക്ഷേപിക്കുന്നത് എത്രമാത്രം നിരർത്ഥകമായ കാര്യമാണ്.

ഔപചാരികമായ സൈന്യമോ രാജാലങ്കാരമോ കൂടാതെയും കരം പിരിച്ചെടുക്കാതെയും കേവലം ദൈവനാമത്തിൽ ലോകത്ത് സമാധാനവും ശാന്തിയും സ്ഥാപിച്ചതിന് ആരെങ്കിലും അർഹനാണെങ്കിൽ അത് ഹസ്റത്ത് മുഹമ്മദ്(സ) മാത്രമാണ്. യാതൊരു ഭൗതിക സാധനസാമഗ്രികളുമില്ലാതെ നബി(സ) തിരുമേനിയ്ക്ക്

*(7-ാം പേജിൽ)*

*(3-ാം പേജിൽനിന്ന്)*

ഒരു അന്തർദേശീയമതമാണ്. എല്ലായിടത്തും ഖുർആൻ ആണ് മുസ്‌ലിംകളെ കോർത്തിണക്കുന്നത്. ഞാൻ അഹ്മദികളെ അവരുടെ വിശാലമായ കാഴ്ചപ്പാടിന്റെ പേരിൽ അഭിനന്ദിക്കുന്നു.'' റോളണ്ട് പാർക്കിലെ പ്രെസ്ബിട്രിയൻ ചർച്ചിലെ പാസ്റ്റർ ഡോ.തിയോഡോർ സർ മറ്റൊരതിഥിയായിരുന്നു. സെപ്തംബർ 11നെ തുടർന്ന് നടത്തപ്പെട്ട ഒരു സർവ്വമതസമ്മേളനത്തിലാണ് ഇദ്ദേഹം അഹ്മദികളെ കുറിച്ചറിയുന്നത്. ഇദ്ദേഹം പിന്നീട് തന്റെ പള്ളിയിലേക്ക് ഒരു അഹ്മദി ഇമാമിനെ പ്രസംഗിക്കാൻ ക്ഷണിക്കുകയുണ്ടായി. ഡോ. തിയോഡർ പറയുന്നു. ''പള്ളിയിൽ ഞങ്ങളുടെ ചിലയാളുകൾ തികച്ചും യാഥാസ്ഥിതികരായിരുന്നു. പക്ഷേ, അഹ്മദി ഇമാം സംസാരിച്ചുകഴിഞ്ഞപ്പോൾ ഒരു വിമർശനവും അവരുടെ ഭാഗത്തുനിന്നുണ്ടായില്ല."

അക്രമത്തിന്റെ പാതയിൽനിന്ന് ഒഴിഞ്ഞുനില്ക്കാൻ മുസ്‌ലിംകൾ തയ്യാറാകേണ്ടതുണ്ട്. സമ്മേളനത്തിൽ പലരും ഇക്കാര്യം എടുത്തുപറഞ്ഞു. ഇസ്‌ലാമിനെതിരായ ആരോപണങ്ങൾ പലതും തെറ്റിദ്ധാരണകളാണ്. ഫെയർലോണിൽ നിന്ന് വന്ന അമത്തുൽ ലത്തീഫ് സിർവ്വി തന്റെ ഒരനുഭവം വ്യക്തമാക്കുന്നു. ''ഒരിക്കൽ ഒരു സമ്മേളനത്തിൽ ഒരു സ്ത്രീ വളരെയധികം ആക്ഷേപകരമായ രീതിയിൽ സംസാരിച്ചു. ഞങ്ങൾ ധരിച്ച സ്കാർഫിനെ ചൂണ്ടിക്കാട്ടി പുരുഷാധിപത്യത്തിന്റെ മതമാണ് ഇസ്‌ലാമെന്നവർ പറഞ്ഞു. കൂടുതൽ പരിഹസിക്കുന്നതിനുവേണ്ടി അവർ എന്നോട് ഏതുവരെ പഠിച്ചു എന്നു ചോദിച്ചു. എം.എസ്.സി(ബോട്ടണി)യും പി.എച്ച്.ഡിയും കഴിഞ്ഞ് ഇപ്പോഴൊരു വീട്ടമ്മയാണെന്ന എന്റെ മറുപടി കേട്ടതോടെ അവർ രംഗം വിട്ടു. ഇവർക്കറിയില്ല നൂറ്റാണ്ടുകൾക്ക് മുന്നേതന്നെ സ്ത്രീ സ്വാതന്ത്ര്യം ഉറപ്പുവരുത്തിയ മതമാണ് ഇസ്‌ലാമെന്നത്!

ഈ സമ്മേളനം പങ്കുവെച്ച പൊതുവികാരം ആളുകളെ ബോധവൽക്കരിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചാണ്. കഴിഞ്ഞ ഏതാനും വർഷങ്ങളായി അമേരിക്കയിൽ വളർന്നുവരുന്ന അവിശ്വാസവും, സംശയവും നീക്കാൻ ഇതു മാത്രമാണ് പോംവഴിയെന്ന് അഹ്മദികൾ വിശ്വസിക്കുന്നു. ഒരു അഹ്മദി മിഷണറിയായ ഹനിഫ് അമ്പർ പറഞ്ഞത് ഇങ്ങനെയാണ്. "കഴിഞ്ഞ അഞ്ചുവർഷമായി അമേരിക്ക പരിചയപ്പെട്ടുവരുന്ന വികൃതമായ മുഖത്തിന് പകരം മാനുഷികതയുടെ ഇസ്‌ലാമിനെ പരിചയപ്പെടുത്തുക!"

## ഖുർആൻ

“വിശ്വാസികളെ! നിങ്ങൾക്ക് മുമ്പുള്ളവർക്ക് നിർബന്ധമാക്കപ്പെട്ടിരുന്നതുപോലെ നിങ്ങൾക്കും വ്രതാനുഷ്ഠാനം നിർബന്ധമാക്കപ്പെട്ടിരിക്കുന്നു. നിങ്ങൾ ദോഷബാധയെ സൂക്ഷിക്കുവാൻവേണ്ടി.” (*2:184*)

## നബിവചനം

വ്രതം പാപത്തിനെതിരെയുള്ള ഒരു പരിചയാണ്. അതുകൊണ്ട് നിങ്ങളിലാരെങ്കിലും വ്രതമനുഷ്ഠിക്കുകയാണെങ്കിൽ അയാൾ അനാവശ്യമായി സംസാരിക്കരുത്. അമിതമായി ശബ്ദിക്കയുമരുത്. ആരെങ്കിലും അയാളെ ശകാരിക്കുകയോ അയാളോട് ശണ്ഠകൂടുകയോ ചെയ്യുന്നുവെങ്കിൽ ‘ഞാൻ നോമ്പുകാരനാണ്’ എന്നയാൾ പറയട്ടെ. (*ബുഖാരി*)



## യുഗശബ്ദം

വിഷമങ്ങളും പ്രയാസങ്ങളും ഇല്ലാത്ത അവസ്ഥയിലും മനുഷ്യൻ ദുആ ചെയ്തുകൊണ്ടിരിക്കേണ്ടതാണ്. അല്ലാഹുവിന്റെ ഉദ്ദേശ്യമെന്താണെന്നും നാളെ എന്താണ് സംഭവിക്കുകയെന്നും അവനറിയുന്നില്ല എന്നതാണിതിന് കാരണം. അതിനാൽ രക്ഷപ്പെടുവാനായി കാലേക്കൂട്ടി ദുആ ചെയ്യുവിൻ. ദുആ ചെയ്യാൻ ഇടലഭിക്കുന്നതിനായി മുമ്പേ ചിലപ്പോൾ വിപത്തിറങ്ങാറുണ്ട്. ദുആ മുൻകൂറായി ചെയ്തിട്ടുണ്ടെങ്കിൽ ആ സമയത്ത് ഫലം ചെയ്യുന്നതാണ്.

ഹൃദയത്തിൽ നോവും ഉരുക്കവുമുണ്ടാകുമ്പോഴാണ് ആപത്തുകളും ദൈവകോപവുമകറ്റുന്നതിനായി പ്രാർത്ഥന സ്വീകരിക്കപ്പെടുന്നത്. തലക്കുമീതെ ആപത്തുവരുമ്പോഴും ഒരു വേദനയുണ്ടാകുമെന്നുള്ളതിൽ സംശയമില്ല. എന്നാൽ, അത് ദുആ സ്വീകാര്യത്തിന്റെ ആകർഷണശക്തി ഉൾക്കൊള്ളുന്നതല്ല. ദൈവീകശിക്ഷയുടെ വിധി വരികയും അത് കണ്ടുകൊണ്ട് പശ്ചാത്തപിക്കുകയും പാപപ്പൊറുതി തേടുകയും ചെയ്തിട്ടെന്തുഫലം. ചുരുക്കത്തിൽ ദുആ മുൻകൂറായി ചെയ്യുന്നതിലാണ് പുണ്യം. പിന്നീടായാൽ ഒരു ഫലവുമുണ്ടാവുകയില്ല. പ്രകൃതിയുടെ ആവേശത്താൽ മാത്രം ചെയ്യുന്ന പുണ്യകർമ്മം അല്ലാഹു സ്വീകരിക്കുന്നതല്ല. വഞ്ചി മുങ്ങാറാകുമ്പോൾ എല്ലാവരും നിലവിളിക്കുന്നു. ആ കരച്ചിലും നിലവിളിയും പ്രകൃതിയുടെ പ്രേരണയുടെ ഫലമാണ്. അപ്പോൾ അത് പ്രയോജനപ്പെടുകയില്ല. സമാധാനാവസ്ഥയിലായിരിക്കുമ്പോൾ മാത്രമേ അത് ഫലപ്രദമാവുകയുള്ളൂ. അല്ലാഹുവിനെ പ്രാപിക്കാനുള്ള മാർഗ്ഗം തീർച്ചയായും ഇതാണെന്ന് മനസ്സിലാക്കിക്കൊൾക. അതായത്, ഇടിത്തീവീഴാൻ പോകുമ്പോൾ ആദ്യമേതന്നെ ജാഗരൂകരായിരിക്കുന്നതുപോലെ ഉണർന്നും ജാഗ്രതയോടുംകൂടി ഇരിക്കുന്നതാരാണോ അവരുടെമേൽ അത് വീഴില്ല. എന്നാൽ ആരാണോ വീഴുന്നത് കണ്ടുകൊണ്ട് നിലവിളിക്കുന്നത് അത് അവന്റെമേൽ വീഴുകയും അവനെ നശിപ്പിക്കുകയും ചെയ്യുന്നതാണ്. അത്തരക്കാർ ഭയപ്പെടുന്നത് ഇടിത്തീയെയാണ്. അല്ലാഹുവിനെയല്ല.

ആപത്തുണ്ടാകുമ്പോൾ ഭയപ്പെടുന്നതുപോലെ അതില്ലാത്ത അവസ്ഥയിലും ഭയപ്പെടുകയും അല്ലാഹുവിനെ വിസ്മരിക്കാതിരിക്കുകയും ചെയ്യുന്ന ആളുടെമേൽ അവന്റെ കാരുണ്യമുണ്ടാകുന്നു. സമാധാന സന്ദർഭങ്ങളിൽ സുഖലോലുപതയിൽ ജീവിതം കഴിക്കുകയും ആപത്ത് വരുമ്പോൾ പ്രാർത്ഥനയിൽ മുഴുകുകയും ചെയ്യുന്നയാളുടെ പ്രാർത്ഥന സ്വീകരിക്കപ്പെടുകയില്ല.

ദൈവികശിക്ഷയിറങ്ങുമ്പോൾ പശ്ചാത്താപത്തിന്റെ കവാടം അടഞ്ഞുപോകുന്നു. അതിറങ്ങുന്നതിന് മുമ്പേ പ്രാർത്ഥനയിൽ നിമഗ്നരാവുകയും ദാനധർമ്മങ്ങൾ കൊടുക്കുകയും ദൈവകല്പനയെ ബഹുമാനിക്കുകയും അല്ലാഹുവിന്റെ സൃഷ്ടികളോട് കരുണകാണിക്കുകയും തങ്ങളുടെ കർമ്മങ്ങൾ നല്ലവിധത്തിൽ അനുഷ്ഠിക്കുകയും ചെയ്യുന്നവർ എത്ര ഭാഗ്യവാന്മാർ. അതുതന്നെയാണ് സൗഭാഗ്യത്തിന്റെ ലക്ഷണം.

(*മൽഫൂസാത്ത്*)

*ചരിത്രരേഖകൾ.....................2*

*സമ്പാ: ടി. ശറഫുദ്ദീൻ*

# ഇസ്‌ലാമിക പ്രബോധനം

**1925 ൽ കോഴിക്കോടുള്ള പല സഭക്കാരും അഹ്മദികൾക്കെതിരെ നിരോധന നോട്ടീസുകൾ ഇറക്കിയപ്പോൾ അതിന് മറുപടിയായി ഇറക്കിയ ഒരു നോട്ടീസ്..........**

(കഴിഞ്ഞ ലക്കത്തിന്റെ തുടർച്ച)

പിന്നെയൊരാക്ഷേപം, അഹ്മദിയ്യാക്കളുടെ പുസ്തകങ്ങൾ ഈജിപ്റ്റ് ഗവർമ്മെന്റിനെകൂടി ഭയപ്പെടുത്തിയിരിക്കുന്നതിനാലോ മറ്റോ ആ പുസ്തകങ്ങൾക്കു ഈജിപ്റ്റിൽ പ്രവേശനമില്ലപോൽ! പക്ഷെ അതിന്റെയും കാലാവധി കഴിഞ്ഞു. ഇപ്പോൾ അവിടെ ഒരു അഹ്മദിയ്യാ മുബല്ലിഗും അഹ്മദിയ്യാ സംഘവും അനവധി അഹ്മദിയ്യാ പുസ്തകങ്ങളും കടന്നുകൂടിയിരിക്കുന്നു. അഡ്രസ്സ് ആവശ്യമുള്ളപക്ഷം തരുവാൻ ഒരുക്കമാണ്.

ഏതോ ഒരു തുർക്കിസുൽത്താൻ അഹ്മദിയ്യാക്കളെ ഒന്നൊഴിയാതെ കൊന്നുകളയേണമെന്നു കല്പിച്ചതുകൊണ്ട് അഹ്മദിയ്യാക്കൾക്കു തുർക്കി ഖിലാഫത്തിന്റെ നേരെ വിരോധമുണ്ടെന്നതാണ് മറ്റൊരാക്ഷേപം. എന്നാൽ ഞങ്ങളുടെ വിരോധം നിമിത്തമോ അതല്ല അദ്ദേഹത്തിന്റെ ആ കല്പനയുടെ ഫലമായോ തുർക്കിരാജവംശവും ഖിലാഫത്ത് സ്ഥാനവും ഇപ്പോൾ നാമാവശേഷമായിത്തീർന്നിരിക്കുന്നതിനാൽ ഞങ്ങൾക്കു ആ വിരോധത്തിനു വകയില്ലല്ലൊ.

വേറൊരാക്ഷേപം, കുറേ മുമ്പു കോഴിക്കോട്ടുവെച്ചു ഒരു കേസ്സ് നടന്നിരിക്കുന്നു എന്നും അതിൽവെച്ച് അഹ്മദിയ്യാക്കൾ മുസ്‌ലിമീങ്ങളല്ലെന്നു ഒരു വിധിയുണ്ടായിട്ടുണ്ടെന്നും ഉള്ളതാണുപോൽ! എന്നാൽ, അഹ്മദിയ്യാക്കളിൽ ആരും വാദിയോ പ്രതിയോ ആയിട്ട് ഒരു കേസ്സ് കോഴിക്കോട്ടുവെച്ച് നടക്കുകയോ കാഫിറെന്ന ഒരു വിധിയുണ്ടാവുകയോ ഉണ്ടായിട്ടില്ല. ഓഹോ! മുമ്പൊരിക്കൽ അഹ്മദിയ്യാക്കളെ അധിക്ഷേപിച്ചത് ഹേതുവാൽ ചില മുസലിയാന്മാരുടെ പേരിൽ പോലീസ് ചാർജ് ചെയ്ത കേസ്സ് തെളിവില്ലാതെ തള്ളിപ്പോയ വിവരമായിരിക്കാം ഇവർ പറയുന്നത്! അതിൽ ഞങ്ങളിലാരും വാദിയുമല്ല പ്രതിയുമല്ല!! കോടതിവിധിയെ ആസ്പദമാക്കി അഹ്മദിയ്യാക്കളെ കാഫിറാക്കാമെന്നു വിചാരിക്കുന്നപക്ഷം, അവർ പരിഷ്കൃതമുസ്‌ലിമീങ്ങളാണെന്നു മദ്രാസ് ഹൈക്കോടതിയും മറ്റനേകം ഹൈക്കോടതികളും വിധിച്ചിട്ടുള്ളതിനെപ്പറ്റി നമ്മുടെ നോട്ടീസ്സുകാരൻ എന്തു വിചാരിക്കുന്നു?

പിന്നെ, അഹ്മദിയ്യാസംഘത്തിൽനിന്നും ചില ‘തിരിഞ്ഞവർ’ ചാടിക്കളഞ്ഞുപോൽ! അതുകൊണ്ട് അഹ്മദിയ്യാ തത്വം തെറ്റാണെന്നാണ് ഇവർ ജല്പിക്കുന്നത്. എന്നാൽ, റസൂൽകരീം(സ) തിരുമേനിയുടെയും ഖലീഫമാരുടെയും കാലങ്ങളിലും ഇങ്ങനെ അനേകം തിരിഞ്ഞവർ ചാടിപ്പോയിട്ടുള്ള വസ്തുത ഈ നോട്ടീസ്സ് കർത്താക്കന്മാർക്ക് തിരിഞ്ഞിട്ടില്ലെന്നുണ്ടോ? ആ ‘ചാട്ട’ങ്ങൾകൊണ്ട് ഇസ്‌ലാം മതം അസത്യമാണോ!

ഇനി, പഞ്ചാബിൽനിന്നും ഇവിടെ വന്നിരിക്കുന്ന ഞങ്ങളുടെ രണ്ട് ഉലമാക്കന്മാർ അഹ്മദിയ്യാ തത്വങ്ങളെപ്പറ്റി പ്രബോധിക്കുന്നതിനു മുമ്പ് ഇവരുടെ മുസലിയാക്കന്മാരെ ചെന്നുകണ്ട് സംശയനിവാരണം വരുത്തിക്കൊള്ളണംപോലും! എന്നാൽ, ഞങ്ങളുടെ ഉലമാക്കന്മാർക്കു ഇവിടുത്തെ മുസലിയാക്കന്മാരുടെ കാര്യത്തിൽ ചെന്ന് സംശയനിവാരണം വരുത്തേണ്ടതായിട്ടു ഒന്നുമില്ല. നേരെ മറിച്ചു ഇവർ തങ്ങളുടെ സ്വപ്നരാജ്യം വിട്ടു ഇത്രദൂരം വന്നിരിക്കുന്നതുതന്നെ അഹ്മദിയ്യാ സിദ്ധാന്തങ്ങളെക്കുറിച്ച് മറ്റുള്ളവർക്കുള്ള തെറ്റിദ്ധാരണകളെ നിവാരണം ചെയ്യുവാനാണ്. കൂടാതെ പൊതുജനമദ്ധ്യേ എന്തെങ്കിലുമൊരു വിഷയത്തെപ്പറ്റി പ്രബോധിക്കേണ്ടതായി വന്നാൽ അവിടെയുള്ള മുസലിയാക്കന്മാരെ ഒന്നാമതായി ചെന്നുകണ്ട് അവരെ സമ്മതിപ്പിച്ചതിനുശേഷമേ അത് പാടുള്ളൂ എന്നു പറയുന്ന ന്യായം ചെവി മുളച്ചതിനുശേഷം കേട്ടിട്ടില്ല. ഈ ചട്ടം സർവ്വഅമ്പിയാക്കന്മാരുടെയും പ്രബോധന പ്രവൃത്തിയ്ക്ക് വിരുദ്ധമായിട്ടുള്ളതാണ്. അതുമല്ല, അമ്പിയാക്കന്മാരുടെ അനുയായികളിൽ അധികവും സാധാരണന്മാരും സാധുജനങ്ങളുമാണെന്നും, മഹാന്മാരും പണ്ഡിതന്മാരുമല്ലെന്നും വിശുദ്ധഖുർആൻ സാക്ഷിയുമാണ്.

അല്ലയോ നോട്ടീസുകാരേ! പാലക്കാട്ടുതാലൂക്കിലുള്ള ഈഴവസമുദായമദ്ധ്യേ പ്രബോധനപ്രവൃത്തി നടത്തുന്നതിനായി ഈയിടെ പോയിരുന്ന ആളുകൾ ആദ്യമായി അവിടുത്തെ ഈഴവപണ്ഡിതന്മാരെ സമ്മതിപ്പിക്കുകയാണോ ഉണ്ടായത്?

എന്നാൽ, അഹ്മദിയ്യാ പ്രബോധകന്മാരുടെ പ്രബോധനങ്ങൾ കേട്ടാൽ അതുകളുടെ സത്യം ശ്രോതാക്കളുടെ ഹൃദയങ്ങളിൽ എളുപ്പം പതിഞ്ഞുപോകുമെന്നു നിങ്ങൾ ഭയപ്പെട്ടതുകൊണ്ടല്ലേ ഇത്തരം ചില നൂതനചട്ടങ്ങൾ തട്ടിവിട്ടുകൊണ്ട് പൊതുജനങ്ങളെ തടയുന്നത്! ആ വാസ്തവം പൊതുജനങ്ങൾ മനസ്സിലാക്കുകയില്ലെന്നാണോ നിങ്ങൾ ധരിച്ചുവെച്ചിരിക്കുന്നത്?

മാന്യമഹാജനങ്ങളെ, സത്യാസത്യങ്ങളെ വേർതിരിച്ചറിയുവാനായുള്ള വിവേകബുദ്ധി എല്ലാ ഓരോ മനുഷ്യനും ജന്മസിദ്ധമായിരിക്കേ ഈ മുസലിയാന്മാരുടെ ചട്ടങ്ങൾക്ക് നിങ്ങൾ കീഴ്പ്പെടുമെന്ന് ഞങ്ങൾ വിശ്വസിക്കുന്നില്ല. അതിനാൽ എല്ലാ മാന്യസഹോദരന്മാരും ഞങ്ങളുടെ പ്രസംഗങ്ങൾ വന്നുകേട്ട് സത്യത്തേയും അസത്യത്തേയും നിങ്ങൾതന്നെ വിവേചിച്ചറിയുവാൻ ശ്രമിക്കുമെന്ന് ആശിക്കുന്നു. മുസലിയാന്മാരെ പ്രത്യേകം ക്ഷണിച്ചുകൊള്ളുകയും ചെയ്യുന്നു. സംശയനിവാരണം ആവശ്യമുള്ളവർക്ക് ഞങ്ങളുടെ പ്രസംഗങ്ങൾക്കു ശേഷം പ്രസംഗസ്ഥലത്തോ പ്രസംഗികന്മാർ താമസിക്കുന്ന സ്ഥലത്തോ വെച്ച് ചോദ്യം ചെയ്യാവുന്നതുമാണ്.

എന്ന് സെക്രട്ടറി,
മലബാർ അഹ്മദിയ്യാ സംഘം

കണ്ണൂർ,
23 - 10 - ’25

(4-ാം പേജിൽ നിന്ന്)

ഒരു സമൂഹമാണ് നമ്മുടെ മുന്നിലുള്ളത്. സഹനവും ത്യാഗവും പ്രാർത്ഥനയുമായി ആത്മീയചൈതന്യം ഉണ്ടാക്കിയെടുക്കുന്നതിനുള്ള പാതയാണ് ഇസ്‌ലാം മുന്നോട്ടുവെച്ചത്. എന്നാൽ ഇതിനൊന്നും ഈ ആധുനിക കാലത്ത് സമയം കണ്ടെത്താനാകുന്നില്ല. ഭൂരിഭാഗസമയവും ഭക്ഷണമുണ്ടാക്കുന്നതിനായി മാറ്റിവെക്കുമ്പോൾ പ്രാർത്ഥനക്ക് എവിടെ സമയം.

വിശ്വാസികൾ നോമ്പുമാസക്കാലം തന്റെ സമയം നന്മ ചെയ്യുന്നതിനും പരിശുദ്ധിയാർജ്ജിക്കുന്നതിനും വിനിയോഗിക്കുന്നു. ഇത് നോമ്പ് മാസത്തിനുശേഷവും പാലിക്കേണ്ടതുണ്ട്. എന്നാൽ, പലപ്പോഴും നോമ്പിനുശേഷം അലസതയിലേക്കും അധാർമ്മിക പ്രവർത്തനത്തിലേക്കും തിരിച്ചുപോകുന്ന കാഴ്ച ദയനീയംതന്നെ. വ്രതാനുഷ്ഠാനത്തിന്റെ പ്രധാനോദ്ദേശ്യംതന്നെ തഖ്‌വ ആർജ്ജിക്കുക എന്നതാണ്. പാപം തടുക്കുമ്പോഴാണ് തഖ്‌വ ലഭ്യമാകുന്നത്. വിവിധ പാപങ്ങളിൽനിന്നും ഒഴിഞ്ഞുനിൽക്കാനുള്ള പരിശീലനം നോമ്പിലൂടെ ലഭ്യമാകുന്നു. അത് തുടർന്നും നിലനിർത്തിയാൽ നോമ്പിന്റെ ലക്ഷ്യം പൂർണ്ണമായി എന്നു പറയാം. ചുരുക്കത്തിൽ നബിതിരുമേനി(സ) കാണിച്ചുതന്ന ഉത്തമമനുഷ്യന്റെ ജീവിക്കുന്ന മാതൃകയാകാൻ നമുക്ക് നോമ്പിലൂടെ സാധിക്കേണ്ടതുണ്ട്. കാരണം മനുഷ്യനെ സർവ്വവിധത്തിൽനിന്നുമുള്ള പാപങ്ങളിൽനിന്നും മോചിപ്പിച്ച് പ്രകാശത്തിലേക്ക് നയിക്കുന്നതിനുവേണ്ടി അല്ലാഹു ആസൂത്രണം ചെയ്ത ഒരു അനുഷ്ഠാനമാണ് നോമ്പ്.

വാഗ്ദത്ത മസീഹ്(അ) പറഞ്ഞു. “ദൈവം അവന്റെ ദാസന്മാരെ സ്നേഹിതന്മാരെപ്പോലെ പരിഗണിക്കുന്നു. ഒരു സുഹൃത്ത് ചിലപ്പോൾ തന്റെ സുഹൃത്തിന്റെ ആവശ്യങ്ങൾ പരിഹരിച്ച് കൊടുക്കുന്നു. അതിനോടൊപ്പം തന്റെ ആഗ്രഹം അയാൾ നിറവേറ്റണമെന്ന് പ്രതീക്ഷിക്കുകയും ചെയ്യുന്നു. ദൈവത്തിന്റെ കാര്യവും അതുതന്നെയാണ്.”

ദൈവത്തിന്റെ സുഹൃത്താകാനുള്ള ഏറ്റവും നല്ല മാർഗ്ഗം വ്രതാനുഷ്ഠാനം തന്നെയാണ്.

(3-ാം പേജിൽനിന്ന്)


ഈ കഠിനനിയമങ്ങൾ മിക്കതും പുരോഗമന ആശയക്കാരായ മുസ്‌ലിംകൾക്കെതിരെയും, വംശീയ ശത്രുക്കളെയും, മതന്യൂനപക്ഷങ്ങളെയും, വ്യക്തിപരമായ ശത്രുക്കളേയും ‘ഒതുക്കു’ന്നതിന് വേണ്ടി ഉപയോഗപ്പെടുത്തുന്നു. വർദ്ധിച്ചുവരുന്ന അന്താരാഷ്ട്ര പ്രതിഷേധങ്ങളെ തുടർന്ന് പല പരിഷ്ക്കാരങ്ങളും നടപ്പിൽവരുത്താൻ ഇപ്പോൾ ഗവർമ്മെന്റ് തയ്യാറാവുന്നുണ്ട്. സ്ത്രീവിരുദ്ധമെന്ന് ആരോപിക്കപ്പെട്ട ഗുദൂദ് ഓർഡിനൻസിൽ പരിഷ്ക്കാരങ്ങൾ വരുത്താൻ ഇപ്പോൾ പാക്ക് ഗവർമ്മെന്റ് തയ്യാറായിട്ടുമുണ്ട്. എങ്കിലും മതപരവും വംശീയവുമായ അസഹിഷ്ണുത ഇവിടെ കൂടിവരികയാണ്. പ്രതിപക്ഷമായ ഇസ്‌ലാമികസഖ്യം (മുത്താഹിദ മജ്‌ലിസ് എ അമൽ-എം.എം.എ) രാജ്യത്തെ കഴിയുന്നത്ര വേഗത്തിൽ ഇസ്‌ലാമിക വൽക്കരിക്കാൻ ആവശ്യപ്പെട്ടുകൊണ്ടേയിരിക്കയാണ്. ഇടക്കാലത്ത് ചില മതപണ്ഡിതന്മാരും സാമൂഹിക-രാഷ്ട്രീയ നേതാക്കളും അഭ്യർത്ഥിച്ചതിനെ തുടർന്ന് ഷിയാ-സുന്നി കലാപങ്ങളും അമുസ്‌ലിംകളുടെ കൊലപാതകങ്ങളും കുറഞ്ഞിട്ടുണ്ട്. പക്ഷേ, അഹ്മദികൾക്കും ഇതര സെമിറ്റിക് വിഭാഗങ്ങൾക്കുമെതിരായ വിവേചനങ്ങൾക്ക് കുറവൊന്നുമില്ല.

പാക്കിസ്ഥാനിലെ നിയമമനുസരിച്ച് മുസ്‌ലിം ആണെന്നുള്ള സർട്ടിഫിക്കറ്റ് ലഭിക്കണമെങ്കിൽ മുഹമ്മദ് അന്ത്യപ്രവാചകനാണെന്ന സത്യപ്രതജ്ഞ ചെയ്യേണ്ടതുണ്ട്. അഹ്മദികളുടെ വിശ്വാസത്തെ ചോദ്യം ചെയ്യലായതിനാൽ അവർക്ക് മുസ്‌ലിം എന്നതിന് തെളിവായി ഗവർമ്മെന്റ് രേഖകൾ ലഭിക്കുന്നില്ല. ഇലക്ഷൻ കമ്മീഷനും ഇതേ നയംതന്നെ തുടരുന്നു. ഈ പ്രതിജ്ഞ ചൊല്ലി വോട്ടർമാരാകാൻ നിർവ്വാഹമില്ലാത്തതിനാൽ അഹ്മദികൾ ഇലക്ഷനുകൾ ബഹിഷ്ക്കരിക്കാറാണ് പതിവ്. വിദ്യാഭ്യാസ സ്ഥാപനങ്ങളിലും അഹ്മദികളെ പുറത്താക്കുന്നതിനായി ഈ സത്യവാചകം നിർബന്ധമാക്കിയിരിക്കുന്നു.

പിന്നിട്ട നാളുകൾ

# പി.കെ. ഇബ്രാഹീം സാഹിബ്

തയ്യാറാക്കിയത് - ശംസുദ്ദീൻ



1997-ൽ ബയ്അത്ത് ചെയ്ത് അഹ്മദിയ്യാ മുസ്ലിം ജമാഅത്തിൽ പ്രവേശിച്ച പി.കെ. ഇബ്രാഹീം സാഹിബിന് അഹ്മദിയാകുന്നതിന് മുമ്പും അതിനുശേഷവും നിരവധി ഭീഷണികളും ദുരിതങ്ങളും എൽക്കേണ്ടിവന്നിട്ടുണ്ട്. 71 വയസ്സ് പ്രായമുള്ള ഇദ്ദേഹം ഇപ്പോൾ കണ്ണൂർ ടൗൺ മസ്ജിദിൽ മസ്ജിദ് ഖാദിമായി പ്രവർത്തിച്ചുവരികയാണ്.

കണ്ണൂർജില്ലയിലെ മട്ടന്നൂരിനടുത്തുള്ള ശിവപുരം എന്ന പ്രദേശത്തെ 'പള്ളിക്കണ്ടി' എന്ന തറവാട്ടിലെ ഒരംഗമാണ് ഇബ്രാഹീം സാഹിബ്. ശിവപുരം മാപ്പിള സ്കൂളിൽ അഞ്ചാംക്ലാസ്സ് വരെ പഠനം നടത്തിയ അദ്ദേഹത്തിന് ഖുർആനിക പാഠങ്ങൾ ലഭിച്ചത് തറവാട്ട് മുസല്യാരിൽനിന്നാണ്. സ്കൂൾ വിദ്യാഭ്യാസത്തിനു ശേഷം കുറച്ചുകാലം വെറുതെനടന്നു. യുവാവായപ്പോൾ കർണ്ണാടകയിലെ ഗോണിക്കുപ്പ എന്ന സ്ഥലത്ത് ജോലി ചെയ്തു. തുടർന്ന് 20-ാം വയസ്സിൽ നാട്ടിൽ തിരിച്ചെത്തി മൂത്ത സഹോദരനോടൊപ്പം ചായക്കട തുടങ്ങി. ചായക്കട 8 വർഷംകൊണ്ട് തകർന്നു. തുടർന്ന് മലഞ്ചരക്ക് കച്ചവടത്തിലേക്ക് ശ്രദ്ധതിരിച്ചു.

ശിവപുരത്തുകാർ അസുഖം വന്നാൽ സാധാരണയായി മട്ടന്നൂരിലെ മർഹൂം ഡോ. മൻസൂർ അഹ്മദ് സാഹിബിന്റെ ആശുപത്രിയിലാണ് എത്തിച്ചേരാറുള്ളത്. ഡോക്ടർ സാഹിബ് തബ്ലീഗ് പ്രവർത്തനം ജീവിതത്തിന്റെ ഒരു ഭാഗമാക്കിമാറ്റിയ വ്യക്തിയാണ്. ഇബ്രാഹീം സാഹിബും മട്ടന്നൂരിലെ ഫിറോസ് ഹോസ്പിറ്റലിൽ സന്ദർശകനായിരുന്നു. ഇടയ്ക്കിടെ ഡോക്ടർ സാഹിബ് ഇബ്രാഹീം സാഹിബിന് നോട്ടീസുകൾ നൽകി. പക്ഷേ, അതൊക്കെ കീറിക്കളഞ്ഞു. ഖാദിയാനികളുടെ നോട്ടീസുകൾപോലും വായിക്കരുതെന്നും അവരുടെ ഹജ്ജ് ഖാദിയാനിലാണെന്നും നമസ്കാരം 3 നേരമാണെന്നും കലിമ വേറെയാണെന്നുമുള്ള പാഠമാണ് ഇബ്രാഹീം സാഹിബിന് നേരത്തെ ലഭിച്ചിരുന്നത്. അതുകൊണ്ടുതന്നെ ഖാദിയാനികളുമായുള്ള നേരിയ ബന്ധംപോലും അദ്ദേഹം ഭയപ്പെട്ടു. പക്ഷേ, ഡോക്ടർ സാഹിബ് തളർന്നില്ല. ഒരുദിവസം ഇബ്രാഹീം സാഹിബിന്റെ ഭാര്യയെ ഡോക്ടർ സാഹിബിന്റെ ആശുപത്രിയിൽ അഡ്മിറ്റ് ചെയ്യാനിടയായി. ഡോക്ടർ സാഹിബ് ഈ സന്ദർഭം ഉപയോഗപ്പെടുത്തി. ഇബ്രാഹീം സാഹിബിന് വായിക്കാനായി ചില സാഹിത്യങ്ങൾ നൽകി. ഏതായാലും വായിച്ചുകളയാമെന്ന് ഇബ്രാഹീം സാഹിബ് തീരുമാനിച്ചു. വായിച്ചതോടെ തന്റെ ധാരണകൾ തെറ്റാണെന്ന് അദ്ദേഹത്തിന് ബോധ്യമായി. അതോടെ ജമാഅത്തുമായി അടുത്തു.

ഒരുദിവസം ഡോക്ടറുടെ ക്ഷണപ്രകാരം ജുമുഅ നമസ്കാരത്തിന് മട്ടന്നൂരിലെ പള്ളിയിലെത്തി. അതോടെ നാട്ടിലെ പള്ളിയിൽനിന്നും ക്രമേണ അപ്രത്യക്ഷമാകാൻ തുടങ്ങി. സംഭവം ശിവപുരത്ത് ചർച്ചാവിഷയമായി. മഹല്ല് കമ്മറ്റി കാര്യം അന്വേഷിച്ചറിഞ്ഞു. അവർ ഉഗ്രശാസന നൽകി. "ഇബ്രാഹീം മട്ടന്നൂരിൽ പോകാൻ പാടില്ല." പക്ഷേ, ഇബ്രാഹീം സാഹിബ് താൻ കണ്ടെത്തിയ സത്യം സ്വീകരിച്ചു.അഹ്മദിയായി.

തുടർന്ന് ഊരുവിലക്ക് വന്നു. ശിവപുരത്തെ മുസ്ലിംവീടുകളിൽ ഇബ്രാഹീം സാഹിബിന് പ്രവേശനം നിരോധിക്കപ്പെട്ടു. ഒപ്പം വീട്ടിൽനിന്നും പുറത്താക്കാൻ ഭാര്യാമക്കളോടും കല്പിച്ചു. ആദ്യമൊക്കെ വിസമ്മതിച്ച വീട്ടുകാർക്ക് ഭീഷണിക്ക് വഴങ്ങേണ്ടിവന്നു. ഇതിനിടയിൽ ഒരു വൻജനക്കൂട്ടം ഇബ്രാഹീം സാഹിബിന്റെ വീട്ടിലെത്തി. തക്ബീർ മുഴക്കിവന്ന അവരെ ഇബ്രാഹീം സാഹിബ് ക്ഷണിച്ചിരുത്തി. അവർ വന്നകാര്യം പറഞ്ഞു. "ഒരു അന്ത്യശാസനം നൽകാനാണ് ഞങ്ങൾ വന്നത്. അടുത്ത വെള്ളിയാഴ്ച പള്ളിയിൽ വരണം. അല്ലെങ്കിൽ ചേകന്നൂർ മൗലവിയുടെ അനുഭവമായിരിക്കും.'' ഇബ്രാഹീം സാഹിബ് വഴങ്ങിയില്ല.

താമസം മക്കളുടെ വീട്ടിലും സഹോദരിയുടെ വീട്ടിലുമാക്കി. അവിടെയും മഹല്ലുകാരെത്തി. നിരന്തര സമ്മർദ്ദഫലമായി ഒടുവിൽ ഇബ്രാഹീം സാഹിബ് പഴയങ്ങാടിയിലേക്ക് പോയി. കുറച്ചുദിവസം അവിടെ തങ്ങി. കാണാതായപ്പോൾ മക്കളുടെ ഭർത്താക്കന്മാർ അന്വേഷിച്ചുവന്നു. തിരികെ കൊണ്ടുപോയി. പിന്നീട് ഇദ്ദേഹം താമസം വേലു എന്നയാളുടെ കടയുടെ അടുത്താക്കി. അവിടെ കുടറിപ്പയർ ചെയ്യൽ ആരംഭിച്ചു. ഇതിനിടെ ഊരുവിലക്കിന്റെ നോട്ടീസ് മഹല്ലുകാരിറക്കി. കുട റിപ്പയർ ചെയ്യുന്ന സ്ഥലത്തുനിന്നും ഇബ്രാഹീം സാഹിബിനെ തട്ടിക്കൊണ്ടുപോകാനുള്ള ഒരു ശ്രമവുമുണ്ടായി.

ഇതിനിടയിൽ കൂടാളി പള്ളിയുടെ ഉദ്ഘാടന ദിവസമെത്തി. ഡോക്ടറുടെ കൂടെ ഇബ്രാഹീം സാഹിബും കൂടാളിയിലെത്തിച്ചേർന്നു. അവിടെവെച്ച് അബ്ദുല്ല സുബൈർ സാഹിബിനെകണ്ട ഡോക്ടർസാഹിബ് ഇങ്ങനെ പറഞ്ഞു. "അല്ല സാഹിബേ ടൗൺ പള്ളിയിൽ ഒരാളെ ആവശ്യമില്ലേ. ഇദ്ദേഹത്തെ നിങ്ങളെടുത്തോളൂ.'' സുബൈർ സാഹിബിന്റെ മറുപടി ഉടൻവന്നു. "എപ്പോൾ വരും ഇന്നു വരുന്നോ?" അങ്ങനെ ഇബ്രാഹീം സാഹിബ് കണ്ണൂരിലെത്തി.

ഇപ്പോൾ ഇബ്രാഹീം സാഹിബ് നാട്ടിൽ പോകാറുണ്ട്. കുടുംബത്തിന് ഇപ്പോഴും ഇദ്ദേഹം താങ്ങായി നിൽക്കുന്നു. എതിർപ്പ് കുറഞ്ഞെങ്കിലും പ്രശ്നങ്ങൾ ബാക്കിതന്നെ. ഭാര്യയുടെയും കുട്ടികളുടെയും സംരക്ഷണം തങ്ങൾ ഏറ്റെടുത്തുവെന്ന് കൊട്ടിഘോഷിച്ച മഹല്ലുകമ്മറ്റി ഇപ്പോൾ അവരെ നോക്കാറില്ല. പ്രായത്തെ മറന്നുകൊണ്ട് ഇദ്ദേഹം 4 തവണ ഖാദിയാൻ സന്ദർശിച്ചു. കഴിഞ്ഞ തവണ ഹുസൂറിനെ കാണാനായത് തന്റെ ജീവിതത്തിലെ ഒരു അതുല്യനിമിഷമായി ഇദ്ദേഹം കരുതുന്നു.

---

(5-ാം പേജിൽനിന്ന്)

ഈ എല്ലാ ശക്തിയും ഉണ്ടായിരുന്നു.

14 കോടി ക്രിസ്ത്യാനികളിൽ ഒരു ലക്ഷത്തി ഇരുപതിനായിരത്തിലേറെ ആളുകളെ ഒരൊറ്റ ബോംബിട്ട് ഈ അടുത്ത കാലത്ത് നശിപ്പിച്ച ആളുകൾക്ക് (1950-ലെ കാര്യമാണ് പറയുന്നത്) താൻ ചെയ്ത എല്ലാ യുദ്ധങ്ങളിലേയും മോശമായ പരിതസ്ഥിതിയിൽ വെറും അഞ്ഞൂറോ അറുനൂറോ പേരെ മാത്രം തടവിലാക്കിയ ഒരു ലീഡറിന്റെമേൽ സന്ദേഹദൃഷ്ടി പതിപ്പിക്കാൻ അവകാശമില്ല. ഏഴാം നൂറ്റാണ്ടിന്റെ ഇരുണ്ടകാലത്ത്, പരസ്പരം രക്തത്തിനു വേണ്ടി ദാഹിച്ചിരുന്നവരുടെ നാശങ്ങളുമായി ഇരുപതാം നൂറ്റാണ്ടിന്റെ നാശങ്ങളെ താരതമ്യം ചെയ്യുന്നത് വിഡ്ഢിത്തമല്ലാതെ മറ്റൊന്നുമല്ല. കുരിശുയുദ്ധത്തിലും മറ്റും ക്രിസ്ത്യാനികളിട്ട റിക്കാർഡുകളും മുട്ടറ്റം ചോരയിൽ അവർ നീന്തിയിരുന്നതുമൊന്നും വിശദീകരിക്കേണ്ട ആവശ്യമില്ല.

അവസാനം ഓരോ അഹ്മദിയോടും ഞാൻ പറയട്ടെ, ഇസ്ലാമിന്നെതിരിൽ ഉയരുന്ന ഈ ആക്ഷേപങ്ങൾക്കിടയിലൂടെ അല്ലാഹുവിന്റെ തിരുസന്നിധിയിൽ കുനിഞ്ഞുകൊണ്ടും അവനോട് സഹായം തേടിക്കൊണ്ടും മാത്രമേ വിജയകരമായി നമുക്ക് കടന്നുപോകാൻ സാധിക്കുകയുള്ളൂ. അതുകൊണ്ട് അല്ലാഹുവിനെ മുമ്പത്തെക്കാൾ കൂടുതൽ വിളിക്കുക. അവൻ തന്റെ ശക്തിപ്രഭാവത്തിന്റെ തേജോവിലാസം കാണിക്കുമാറാകട്ടെ. കള്ളദൈവങ്ങളിൽ നിന്ന് ഈ ലോകത്തിന് മോചനം ലഭിക്കുമാറാകട്ടെ. ഇക്കൂട്ടർ ഇന്ന് തങ്ങളുടെ മണിമന്ദിരങ്ങളുടെയും ശക്തികളുടെയും അഹന്തയാൽ നബി(സ) തിരുമേനിയുടെമേൽ ആക്രമണം നടത്തുകയാണ്. നമ്മുടെ പ്രാർത്ഥനയുടെ അസ്ത്രത്താൽ ഇവരുടെ ഈ അഹന്ത പൊട്ടിത്തകരും. ഇൻശാ അല്ലാഹ്. അതുകൊണ്ട് പ്രപഞ്ചനാഥനായ ദൈവത്തെ വിളിക്കുക. അവൻ സർവ്വലോക പരിപാലകനാണ്. അത് ഹസ്റത്ത് മുഹമ്മദ് മുസ്തഫാ(സ)യുടെ ദൈവമാണ്; എത്രയും വേഗം ഏകനും പങ്കുകാരനില്ലാത്തവനുമായ ആ ദൈവത്തിന്റെ ഭരണം ലോകത്ത് സ്ഥാപിതമാകാൻ വേണ്ടി അവനെ വിളിച്ചുപ്രാർത്ഥിക്കുക. മുസ്ലിം രാജ്യങ്ങളും പരസ്പരമുള്ള വിദ്വേഷങ്ങൾ അവസാനിപ്പിക്കുന്നതിനു ചിന്തിക്കേണ്ടതാണ്. പരസ്പര കലഹങ്ങളും ശത്രുതകളും അവസാനിപ്പിക്കേണ്ടതാണ്. ഒന്നായിക്കൊണ്ട് നബി(സ) തിരുമേനിയുടെ നാമത്തെ ഉയർത്തിപ്പിടിക്കാൻ ശ്രമിക്കേണ്ടതാണ്. അന്യർക്ക് വിരൽചൂണ്ടാൻ ധൈര്യം ലഭിക്കുന്നതരത്തിലുള്ള പ്രവർത്തനങ്ങളിൽനിന്ന് പിൻമാറേണ്ടതാണ്. അല്ലാഹു മുസ്ലിംകളെ സഹായിക്കുമാറാകട്ടെ. *(ഖുത്ബ, 15.9.06)*

## തർബിയത്ത് യോഗം

**കണ്ണൂർ സിറ്റി:** കണ്ണൂർ സിറ്റി ഖുദ്ദാമുൽ ആഹ്മദിയ്യായുടെ ആഭിമുഖ്യത്തിൽ മുഴുവൻ ജമാഅത്ത് അംഗങ്ങളെയും പങ്കെടുപ്പിച്ച് കൊണ്ട് നോമ്പ് കാല തർബിയത്ത് ക്ലാസ്സുകൾ സംഘടിപ്പിച്ചു. വ്രതശുദ്ധിയുടെ നാളുകളിൽ ആത്മസംസ്കരണത്തിനുതകുന്ന പാഠങ്ങൾ ജമാഅത്ത് അംഗങ്ങൾക്ക് നൽകുകയാണ് ഈ പരിപാടിയുടെ ലക്ഷ്യം. സപ്തംബർ 24 ഞായറാഴ്ച മൗലവി ടി.എം. മുഹമ്മദ് സാഹിബ്, പി.ശൗക്കത്ത് അഹ്മദ് സാഹിബ് എന്നിവരും ഒക്ടോബർ 1 ഞായറാഴ്ച മൗലവി അബ്ദുസ്സലാം സാഹിബ്, കെ.സി. റയീസ് അഹ്മദ് സാഹിബ് എന്നിവരും ഒക്ടോബർ 8 ഞായറാഴ്ച മൗലവി എൻ. ശഫീഖ് അഹ്മദ് സാഹിബ്, കലീം അഹ്മദ് സാഹിബ് എന്നിവരും വിവിധ വിഷയങ്ങളെ സംബന്ധിച്ച് ക്ലാസ്സുകളെടുത്തു.

---

നാസിർ ബൈത്തുൽമാൽ (ആമദ്)ൽ നിന്നുള്ള സർക്കുലർ

## അനുഗ്രഹീതറമളാൻ മാസവും സക്കാത്തും

2004 മെയ് 28-ലെ ഖുത്ബ ജുമുആയിൽ ഹസ്റത്ത് അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹുതആല ബിനസ്രിഹിൽ അസീസ് അരുൾ ചെയ്യുകയുണ്ടായി.

"സക്കാത്ത് എന്ന സുപ്രധാന ചന്ദയിലേക്ക് ഞാൻ നിങ്ങളുടെ ശ്രദ്ധക്ഷണിക്കുകയാണ്. ഇക്കാര്യത്തിലേക്ക് വേണ്ടത്ര ശുഷ്കാന്തി കാണപ്പെടുന്നില്ല. സക്കാത്തിന് ഒരു നിസാമുണ്ട്. ക്ലിപ്തമായ ശറഹുമുണ്ട്. മറ്റ് നികുതികളൊന്നും നൽകാത്ത ഭൂവുടമകൾക്കും സക്കാത്ത് നിർബന്ധമാണ്. അതുപോലെ നിശ്ചിത എണ്ണത്തിന് മുകളിൽ ആടുമാടുകളുള്ളവർ, ബാങ്കിലോ മറ്റിടങ്ങളിലോ നിശ്ചിതസംഖ്യ വർഷം മുഴുവനും നിക്ഷേപമുണ്ടെങ്കിൽ, സ്ത്രീകളുടെ കൈവശം 52 തോല വെള്ളിക്ക് തുല്യമായ ആഭരണങ്ങളുണ്ടെങ്കിലെല്ലാം സക്കാത്ത് നിർബന്ധമാണ്. ആഭരണങ്ങൾ സ്ഥിരമായി ഉപയോഗിക്കുന്നവയാണെങ്കിലും ദരിദ്രസ്ത്രീകൾക്ക് ധരിക്കുവാൻ കടമായി നൽകുന്നവയാണെങ്കിലും സുരക്ഷിതരീതി എന്ന നിലയിൽ രണ്ടര ശതമാനം എന്ന കണക്കിൽ സക്കാത്ത് നൽകേണ്ടതാണ്. ഹസ്റത്ത് ഉമ്മുൽ മുഅ്മിൻ(റ) ഇപ്രകാരമാണ നുവർത്തിച്ചിരുന്നത്."

നമ്മുടെ സഹോദരങ്ങൾ ശരിയായി വീക്ഷിക്കുകയാണെങ്കിൽ അല്ലാഹുവിന്റെ അനുഗ്രഹത്താൽ മിക്ക ഭവനങ്ങളിൽനിന്നും സക്കാത്ത് നൽകേണ്ടവയുണ്ടാകും. പൊതുവെ ജമാഅത്തംഗങ്ങൾ തങ്ങളുടെ സക്കാത്ത് റമളാൻ മാസത്തിലാണ് നൽകാറുള്ളത്. ആയതിനാൽ സക്കാത്ത് നൽകുവാൻ ബാധ്യസ്ഥരായവർ എത്രയും പെട്ടെന്ന് ഈ നിർബന്ധകർത്തവ്യത്തിലേക്ക് ശ്രദ്ധ തിരിക്കണമെന്നഭ്യർത്ഥിക്കുന്നു.

## ഫിത്ത്ർസക്കാത്ത്

ഈദുൽഫിത്ത്റിന് മുമ്പായി നൽകേണ്ട ചന്ദയാണിത്. ഇതിന്റെ തോത് ഏകദേശം $2^{3}/_{4}$ കിലോ ധാന്യത്തിന് സമമാണ്. ഇതിന് കഴിയാത്തവർക്ക് പകുതിയും നൽകാവുന്നതാണ്. നവജാതശിശു ഉൾപ്പെടെ എല്ലാ സ്ത്രീപുരുഷന്മാർക്കും നിർബന്ധമായിട്ടുള്ളതാണ് ഫിത്ത്ർ സക്കാത്ത്. ഖാദിയാനിലെ ധാന്യത്തിന്റെ വിലയനുസരിച്ച് 20 രൂപയാണ് പഞ്ചാബിലെ ശറഹ് നിശ്ചയിച്ചിരിക്കുന്നത്. പകുതി ശറഹ് 10 രൂപ. മറ്റ് സ്ഥലങ്ങളിൽ പ്രാദേശികമായി തീരുമാനിക്കാവുന്നതാണ്.

ഇത് വിധവകൾക്കും യത്തീമുകൾക്കും മറ്റവകാശികൾക്കും നൽകേണ്ടതുള്ളതിനാൽ ഈദുൽഫിത്ത്റിന് മുമ്പായിത്തന്നെ നൽകേണ്ടതാണ്. ഇതിന്റെ 1/10 ഹുസൂർ തിരുമനസ്സിന്റെ തീരുമാനപ്രകാരം മർക്കസ്സിലേക്കെത്തേണ്ടതാണ്. ബാക്കിവരുന്ന $^{9}/_{10}$ ലോക്കലായിട്ടുള്ള ആവശ്യക്കാർക്ക് വിതരണം ചെയ്യാവുന്നതാണ്. എല്ലാ ജമാഅത്തിലും സദഖത്തുൽ ഫിത്ത്റിന്റെ വരവ് ചിലവ് റെക്കാർഡ് വെക്കേണ്ടതാണ്. ലോക്കൽ ആവശ്യങ്ങൾക്കായി ഈ ഫണ്ട് വിനിയോഗിക്കുവാൻ പാടുള്ളതല്ല. വിതരണം ചെയ്തതിനുശേഷം തുക അവശേഷിക്കുന്നുണ്ടെങ്കിൽ സദർ അഞ്ചുമൻ അഹ്മദിയ്യാ ഖജനാവിൽ നിക്ഷേപിക്കേണ്ടതാണ്. മറ്റു സ്റ്റേറ്റുകളിൽ അവിടത്തെ വിലനിലവാരമനുസരിച്ച് തുക നിങ്ങൾക്ക് കൊടുക്കാവുന്നതാണ്.

## ഈദ് ഫണ്ട്

ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കാലം മുതലേയുള്ള ചന്ദയാണിത്. ആഘോഷവേളകളിൽ മനുഷ്യൻ തന്റെ സന്തോഷത്തിനായി വിവിധതരത്തിലുള്ള ചിലവുകൾ ചെയ്യുന്നു. ഇത്തരം വേളകളിൽ ദീനീ ആവശ്യങ്ങളെയും പരിഗണിക്കുക എന്നുള്ളതാണ് ഈ ഫണ്ട് കൊണ്ടുള്ള ഉദ്ദേശ്യം. "ദീനിന് ദുൻയാവിനെക്കാൾ മുൻഗണന നൽകും" എന്ന് പ്രതിജ്ഞ ചെയ്തവരാണ് നാം. രണ്ട് പെരുന്നാളിനും കഴിവനുസരിച്ച് ഈ ഫണ്ടിലേക്ക് ചന്ദ നൽകേണ്ടതാണ്. ഇത് മർക്കസി (കേന്ദ്ര) ചന്ദയാണ്. പിരിഞ്ഞ് കിട്ടുന്ന തുക മുഴുവൻ കേന്ദ്രത്തിലേക്കയക്കേണ്ടതാണ്.




ഹസ്രത്ത് മുസ്ലിഹ് മൗഊദ്(റ) ഡോ. സഫറുല്ലാ ഖാൻസാഹിബിന്റെ കൂടെ

# 2006 സെപ്തംബർ 12, 13, 14 തിയ്യതികളിൽ ഖാദിയാനിൽ വെച്ച് നടന്ന ഖുദ്ദാമുൽ അഹ്മദിയ്യാ അത്ഫാലുൽ അഹ്മദിയ്യാ അഖിലേന്ത്യാ ഇജ്തിമായിൽ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഖാമിസ് (അയ്യദഹു) നൽകിയ സന്ദേശം

പ്രിയമുള്ള ഖുദ്ദാം, അത്ഫാൽ,

അസ്സലാമുഅലൈക്കും വ റഹ്മത്തുല്ലാഹി വബറക്കാത്തുഹു.

മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യായുടെയും മജ്ലിസ് അത്ഫാലുൽ അഹ്മദിയ്യായുടെയും വാർഷിക ഇജ്തിമായ്ക്കായി സന്ദേശമയക്കുവാൻ ജനാബ് സദർ സാഹിബ് ഖുദ്ദാമുൽ അഹ്മദിയ്യാ എനിക്കെഴുതിയിരിക്കുന്നു.

ഇജ്തിമായിൽ പങ്കെടുക്കുന്ന എല്ലാവർക്കും അതിന്റെ പ്രയോജനങ്ങളിൽനിന്നും മുതലെടുക്കുവാൻ സാധിക്കുമാറാകട്ടെ. ഈ അനുഗൃഹീതദിനങ്ങളിൽ നല്ല കാര്യങ്ങൾ ശ്രവിക്കുവാനും അവയെ തങ്ങളുടെ ജീവിതത്തിന്റെ ഭാഗമാക്കുവാനുമുള്ള തൗഫീഖ് നിങ്ങൾക്ക് ലഭിക്കുമാറാകട്ടെ. അല്ലാഹുതആല എല്ലാ ഭാരവാഹികൾക്കും പ്രവർത്തകർക്കും നല്ല പ്രതിഫലം തന്നനുഗ്രഹിക്കുമാറാകട്ടെ. ആമീൻ.

ഈ സന്ദർഭത്തിൽ മുഴുൻ ഖാദിംകളുടെയും അത്ഫാലുകളുടെയും ശ്രദ്ധ നമസ്കാരാനുഷ്ഠാനത്തിലേക്ക് തിരിക്കുവാനാഗ്രഹിക്കുന്നു. ഓർത്തുകൊള്ളുക ഇസ്ലാം ആരാധനാകർമ്മങ്ങളിൽ ഏറ്റവും അധികം പ്രാധാന്യം നൽകിയിരിക്കുന്നത് നമസ്കാരത്തിന്നാണ്. വിശുദ്ധ ഖുർആനിലും ഹദീസുകളിലും ഇതിന് ഏറ്റവുമധികം പ്രാധാന്യം നൽകുകയും ഇതിനെ നിർബന്ധ കടമയായി പ്രസ്താവിക്കുകയും ചെയ്തിട്ടുണ്ട്. മനുഷ്യന്റെ ജീവിതോദ്ദേശ്യം തന്നെ ഇതാണ്. മുഴുവൻ ലോകത്തിനും മാർഗ്ഗനിർദ്ദേശം നൽകേണ്ടുന്ന ജോലി നമ്മുടെമേൽ ചുമത്തപ്പെട്ടിരിക്കുകയാണ്. ഈ കർത്തവ്യനിർവ്വഹണം പ്രാർത്ഥനകളും അല്ലാഹുവിനോടുള്ള സഹായാർത്ഥനയും ഇല്ലാതെ സാധ്യമല്ല.

ഏറ്റവും ശ്രേഷ്ഠമായ പ്രാർത്ഥന നമസ്കാരമാണെന്ന് ഓർത്തുകൊള്ളുക. നമസ്കാരം മനുഷ്യന് സമയനിഷ്ഠയുടെ പാഠം നൽകുന്നു. അത് തിന്മകളിൽനിന്നും അസഭ്യതകളിൽനിന്നും മോക്ഷം നൽകുന്നു. നമസ്കാരം മൂലം ഐക്യത നിലനില്ക്കുന്നു. ഇതുതന്നെയാണ് മനുഷ്യർക്കിടയിൽ സമത്വം സംജാതമാക്കുന്നത്. നമസ്കാരം സാമൂഹ്യതക്കുള്ള മാർഗ്ഗമാണ്. നമസ്കാരം നിമിത്തം മനുഷ്യന് ആത്മീയപുരോഗതിയുണ്ടാകുന്നു. ഇതുമൂലംതന്നെ മനുഷ്യന് ബാഹ്യവും ആന്തരികവുമായ സംശുദ്ധി ഉണ്ടാകുന്നു. സർവ്വോപരി ഈ നമസ്കാരം മനുഷ്യനെ ദൈവവുമായി അടുപ്പിക്കുന്നു.

ഹസ്റത്ത് റസൂൽ കരീം (സ) തിരുമേനി വളരെ ഹൃദ്യമായൊരുദാഹരണം നൽകിക്കൊണ്ട് നമസ്കാരത്തിന്റെ പ്രാധാന്യം വിവരിക്കുകയുണ്ടായി. ഹസ്റത്ത് റസൂൽ കരീം (സ.അ.) അരുൾ ചെയ്യുന്നു. "നോക്കുക, ആരുടെയെങ്കിലും വീട്ടുപടിക്കൽക്കൂടി ഒരു പുഴ ഒഴുകുന്നുവെങ്കിൽ അതിൽ ആയാൾ ദിവസവും അഞ്ച് നേരം സ്നാനം ചെയ്യുമ്പോൾ അയാളുടെ ശരീരത്തിൽ വല്ല അഴുക്കും അവശേഷിക്കുമോ?''. അയാളുടെ ശരീരത്തിൽ ഒരഴുക്കും അവശേഷിക്കുന്നതല്ല. സഹാബാക്കൾ പ്രതിവചിച്ചപ്പോൾ ഹസ്റത്ത് റസൂൽ തിരുമേനി അരുൾ ചെയ്തു. ഇതേ ഉദാഹരണമാണ് അഞ്ചുനേര നമസ്കാരങ്ങളുടെയും. അല്ലാഹു നമസ്കാരങ്ങൾ വഴി മനുഷ്യന്റെ പാപങ്ങൾ പൊറുത്തുകൊടുക്കുന്നു. കൂടാതെ ഹസ്റത്ത് നബി തിരുമേനി(സ) നമസ്കാരം ജമാഅത്തോടു കൂടി അനുഷ്ഠിക്കാൻ ഉപദേശിച്ചുകൊണ്ട് ജമാഅത്തോടു കൂടി നമസ്കരിക്കുന്നത് തനിച്ച് നമസ്കരിക്കുന്നതിനേക്കാൾ 27 മടങ്ങ് ശ്രേഷ്ഠമാണ് എന്നരുൾ ചെയ്തു.

ഒരാൾ ഹസ്റത്ത് വാഗ്ദത്ത മസീഹി(അ) ന്റെ തിരുസന്നിധിയിൽ വന്ന് "ഹുസൂർ" നമസ്കാരത്തെക്കുറിച്ച് ഞങ്ങൾക്കുള്ള അങ്ങയുടെ കല്പന എന്താണ് എന്ന് ചോദിച്ചു. അപ്പോൾ അരുൾ ചെയ്തു: നമസ്കാരം ഓരോ മുസൽമാന്റെയും കടമയാണ് ഹദീസിൽ വന്നിരിക്കുന്നു, ഹസ്റത്ത് നബിതിരുമേനിയുടെ അടുക്കൽ ഒരു കൂട്ടർ വന്ന് ഇസ്ലാം മതം സ്വീകരിച്ചു. എന്നിട്ട് ഇപ്രകാരം അപേക്ഷിച്ചു- അല്ലയോ അല്ലാഹുവിന്റെ ദൂതരെ! ഞങ്ങൾക്ക് നമസ്കാരം മാപ്പാക്കിത്തരണം. കാരണം ഞങ്ങൾ വ്യാപാരികളാണ്. ഞങ്ങളുടെ വ്യാപാര വസ്തുക്കളായ നാൽക്കാലികൾ കാരണം ഞങ്ങളുടെ വസ്ത്രങ്ങളെക്കുറിച്ച് ഞങ്ങൾക്ക് ഒരുറപ്പുമില്ല. ഞങ്ങൾക്കതിനുള്ള ഒഴിവും ഇല്ല എന്നപേക്ഷിക്കുകയുണ്ടായി. ഇതിന് മറുപടിയെന്നോണം ഹസ്റത്ത് നബിതിരുമേനി (സ) ഇപ്രകാരം അരുൾ ചെയ്തു- നോക്കുക നമസ്കാരം തന്നെ ഇല്ലെങ്കിൽ പിന്നെന്താണ് ഉള്ളത്? ഏതൊരു മതത്തിലാണോ നമസ്കാരം ഇല്ലാത്തത് അത് മതം തന്നെയല്ല. എന്താണ് നമസ്കാരം? തന്റെ ഇല്ലായ്മയെയും എളിമത്തരത്തെയും ദൗർബല്യങ്ങളെയും അല്ലാഹുവിന്റെ തിരുമുമ്പിൽ സമർപ്പിക്കുകയും അവനോടുമാത്രം തങ്ങളുടെ അവകാശങ്ങൾ അപേക്ഷിക്കുകയുമണ് ചിലപ്പോൾ അവന്റെ നേതൃത്വത്തിനായും അവന്റെ കല്പനകൾ അനുസരിക്കുന്നതിനായും കൈകെട്ടി നിൽക്കുക, ചിലപ്പോൾ പരിപൂർണ്ണമായ വിനയത്തോടു കൂടി അവന്റെ തിരുസന്നിധിയിൽ നമ്രശിരസ്കരായി വാഴുക, അവനോടു തങ്ങളുടെ ആവശ്യങ്ങൾക്കായി ചോദിക്കുക. ഇത് തന്നെയാണ് നമസ്കാരം. ചിലപ്പോൾ ഒരു ഭിക്ഷകനെപ്പോലെ ആരോടാണോ യാചിക്കപ്പെടുന്നത് അവന്റെ അപദാനങ്ങൾ പ്രകീർത്തിക്കപ്പെടുകയും അവന്റെ മാഹാത്മ്യവും പ്രതാപവും ഏറ്റുപറയുകയും ചെയ്തുകൊണ്ട് അവന്റെ കാരുണ്യത്തെ ചലിപ്പിച്ചുകൊണ്ട് പിന്നിട്ട് അവനോടു ചോദിക്കുക. ചുരുക്കത്തിൽ ഏതൊരു മതത്തിലാണോ ഈ പ്രവണതയില്ലാത്തത് ആ മതം എന്ത് മതമാണ്? മനുഷ്യൻ സദാസമയവും ആശ്രിതമാണ്. അവനോട് അവന്റെ തൃപ്തിക്കുള്ള മാർഗ്ഗം ചോദിച്ചുകൊണ്ടിരിക്കേണ്ടതാണ്. അവന്റെ അനുഗ്രഹത്തിനായി അവനോടു തന്നെ യാചിക്കേണ്ടതാണ്. കാരണം, അവൻ തന്നെ നൽകുന്ന തൗഫീഖ് കൊണ്ടേ എന്തും ചെയ്യുവാൻ സാധിക്കുകയുള്ളൂ. അല്ലാഹുവേ! ഞങ്ങൾ നിന്റേതായിത്തീരുവാനും നിന്റെ തൃപ്തിക്കനുസരിച്ച് പ്രവർത്തികൾക്കൊണ്ട് നിന്നെ തൃപ്തിപ്പെടുത്തുവാനും ഉള്ള തൗഫീഖ് നീ ഞങ്ങൾക്ക് നൽകേണമേ! അവനോടുള്ള സ്നേഹവും അവന്റെ തന്നെ ദയയും അവന്റെ തന്നെ സ്മരണയിൽ ഹൃദയം ലയിക്കുകയും ചെയ്യുന്നതിന്റെ പേരാണ് നമസ്കാരം. ഇത് തന്നെയാണ് മതവും.

ചുരുക്കത്തിൽ, തങ്ങളുടെ നമസ്കാരങ്ങളെ സംരക്ഷിക്കുക. അവകൃത്യസമയത്ത് അനുഷ്ഠിക്കുക. ജീവിതത്തിൽ ഒരിക്കലും തന്നെ നമസ്കാരം അനുഷ്ഠിക്കാതെ സ്വസ്തത ലഭിക്കാത്ത നിലയിൽ നമസ്കാരവുമായി ബന്ധിതരായിരിക്കുക. അല്ലാഹു നിങ്ങൾക്കെല്ലാവർക്കു അതിനുള്ള തൗഫീഖ് നൽകുമാറാകട്ടെ. ആമീൻ.

വസ്സലാം
വിനീതൻ
മിർസാമസ്റൂർ അഹ്മദ്
ഖലീഫത്തുൽ മസീഹ് V

# ഉലമാക്കളുടെ ഫത്വ വ്യാപാരം

**സി.പി. സുൽത്താൻ നസീർ**

മുസ്ലിം പണ്ഡിതന്മാർ ഇടയ്ക്കിടക്ക് പുറപ്പെടുവിക്കുന്ന ഫത്വകൾ എല്ലായ്പ്പോഴും വിവാദ വിധേയമായിട്ടുണ്ട്. ഈ അടുത്തകാലത്ത് ഇമ്രാന പ്രശ്നത്തിലും വന്ദേമാതരത്തിനെതിരായും അതുപോലെതന്നെ ഒറീസ്സയിലെ ഒരാൾ തന്റെ ഭാര്യയോട് മദ്യപിച്ച് മൂന്നുപ്രാവശ്യം ത്വലാഖ് എന്ന് പറഞ്ഞതിന് മുസ്ലിം പണ്ഡിതന്മാർ അവരുടെ വൈവാഹികബന്ധം വേർപ്പെടുത്തി ഫത്വ പുറപ്പെടുവിച്ചതും ഇതിന് ഉദാഹരണമാണ്. എന്നാൽ, ഈ ഫത്വകളുടെ യാഥാർത്ഥ്യം തേടിപ്പോയ മാധ്യമപ്രവർത്തകർക്ക് കണ്ടെത്താൻ കഴിഞ്ഞത് മറ്റൊന്നാണ്. 16.9.2006-ന് ഒരു സ്വകാര്യ ഹിന്ദി ന്യൂസ് ചാനൽ തങ്ങളുടെ 'ബേനിഖാബ്' എന്ന പ്രത്യേക പ്രോഗ്രാമിൽ ഒരുകൂട്ടം മുഫ്തികളുടെ മുഖംമൂടി അഴിച്ചുകളഞ്ഞു. ഇതിൽ ഉത്തരേന്ത്യയിലെ വലിയ വലിയ മദ്രസകളിലെ മുഫ്തി പ്രമുഖരെ കൂടാതെ ലോകത്തിൽ തന്നെ അറിയപ്പെടുന്ന ദേവ്ബന്ധ് യൂണിവേഴ്സിറ്റിയിലെ മുഫ്തി മുഖ്യനും ഉൾപ്പെടുന്നു. ചാനൽ ഈ പ്രോഗ്രാം സംപ്രേഷണം ചെയ്തതിനു ശേഷം (ഉത്തരേന്ത്യയിലെ) പത്രങ്ങളിൽ ഇത് പ്രധാന ചർച്ചാവിഷയമായിരുന്നു.

രഹസ്യക്യാമറകളുമായി ഫത്വ ആവശ്യപ്പെട്ട് ഈ പണ്ഡിതശിരോമണികളെ സമീപിച്ച മാധ്യമപ്രവർത്തകർക്ക്, പണത്തിനു പകരം ഏത് വിധത്തിലുള്ള ഫത്വയും എഴുതി നൽകാൻ ഇവർ തയ്യാറായിരുന്നു. പതിനായിരങ്ങൾ കൈപ്പറ്റി ഇവർ എഴുതി നൽകിയ ഫത്വകൾ തന്നെ ഇതിനുദാഹരണമാണ്.

മുഫ്തികളിൽനിന്നും ഫത്വ എഴുതിവാങ്ങുന്നതിന് ഇടനിലക്കാരുണ്ട് എന്നതുതന്നെ ഈ ഫത്വ വ്യാപാരത്തിന്റെ വ്യാപ്തിയെ സൂചിപ്പിക്കുന്നു. ആയിരങ്ങൾ കൈപ്പറ്റി ഇവർ എഴുതി നൽകിയ ഫത്വകളും ഏറെ വിചിത്രമാണ്. പോളിയോ വാക്സിൻ മുസ്ലിം ശിശുക്കൾക്ക് നൽകുന്നത് ഹറാമാണ്, ക്രെഡിറ്റ് കാർഡും ക്യാമറയുള്ള മൊബൈൽ ഫോണും ഉപയോഗിക്കുന്നത് ഹറാമാണ്, ടെലിവിഷനും ഡബിൾബഡ്ഡും ഉപയോഗിക്കുന്നത് ഹറാമാണ് എന്നു തുടങ്ങി എസ്.എം.എസിലൂടെ ത്വലാഖ് നൽകുന്നത് അനുവദനീയമാണെന്ന്വരെ ഇവർ ഫത്വകൾ പുറപ്പെടുവിച്ചു. എന്നാൽ, ഏറെ ദുഃഖകരമായ കാര്യം ഈ ഫത്വകളുടെ 'സനദ്' ഖുർആനിൽനിന്നും ഹദീസിൽനിന്നും വേണമെന്ന് പറഞ്ഞ് മാധ്യമപ്രവർത്തകർക്ക് യാതൊരു മനഃക്ലേശവും കൂടാതെ ഈ ഫത്വകൾ തീർച്ചയായും ഖുർആന്റെയും ഹദീസിന്റെയും വെളിച്ചത്തിലാണെന്ന് ഈ പണ്ഡിതന്മാർ തെളിയിച്ചു കാണിച്ചു എന്നതാണ്. സ്വന്തം വയറ് പോറ്റുന്നതിനുവേണ്ടി, യഹൂദികളെപ്പോലും നാണിപ്പിച്ച ഇവരെക്കുറിച്ച് നാമെന്ത് പറയും. അവരിൽനിന്ന് തന്നെ ഒരുവിഭാഗം മറുപടി പറയട്ടെ.

ഈ ഫത്വ വ്യാപാരത്തെക്കുറിച്ച് ദേവ്ബന്ധിന്റെ തലവൻ മൗലാനാ മദനി പ്രതികരിക്കാൻ തയ്യാറായില്ല. എന്നാൽ ലഖ്നൗവിലെ മൗലാനാ മുഫ്തി മുസ്തഖീം അഹ്സമി ഇവരെ തൂക്കിക്കൊല്ലണമെന്നാണ് പറഞ്ഞത്. മറ്റൊരു മൗലാനാ ഇവരെ മൊട്ടയടിച്ച് കഴുതപ്പുറത്തിരുത്തി പട്ടണത്തിലൂടെ നടത്തണമെന്നാണ് പ്രതികരിച്ചത്. അഹ്റാറികളുടെ നേതാവ് മൗലാനാ ഹബീബുർറഹ്മാൻ സാനി ഇവരെ ഉലമായെ സൂഅ് എന്നാണ് വിശേഷിപ്പിച്ചത്. അഥവാ ഏറ്റവും നികൃഷ്ടരായ പണ്ഡിതന്മാർ. എന്നാൽ ആയിരത്തിനാനൂറ് വർഷങ്ങൾക്ക് മുമ്പ് പ്രവാചകപ്രഭു മുഹമ്മദ് മുസ്തഫാ(സ) ഇവരെക്കുറിച്ച് പറഞ്ഞത് എത്രമാത്രം അർത്ഥവത്താണ്.

അതായത് അവരുടെ ഉലമാക്കൾ ആകാശത്തിന്റെ കീഴിൽ ഏറ്റവും നികൃഷ്ഠരായ ജീവികളായിരിക്കും, ഫിത്ന അവരിൽനിന്ന് തന്നെ തുടങ്ങുകയും അവരിലേക്ക്തന്നെ തിരിച്ചെത്തുകയും ചെയ്യും. ഇപ്പോൾ ഈ ഫത്വാഫിത്ന അവരിൽനിന്ന് തന്നെ തുടങ്ങി അവരിലേക്കുതന്നെ തിരിച്ചെത്തിയിരിക്കുകയാണ്.

പണത്തിനുവേണ്ടി ഏതുകാര്യവും ഏത് വസ്തുവും ഹറാമും, ഹലാലും, അതുപോലെതന്നെ ആരേയും മുസ്ലിമും, കാഫിറും തങ്ങൾക്കാക്കാൻ കഴിയുമെന്ന് തെളിയിച്ച ഇവർ അഹ്മദികൾ കാഫിറാണ് അവരുടെ വിവാഹചടങ്ങുകളിൽ പങ്കെടുക്കരുത് അവർ പള്ളിയിൽ കയറി നമസ്കരിച്ചാൽ പള്ളി തൂത്തുവാരി കഴുകി വൃത്തിയാക്കണമെന്നൊക്കെ കാലാകാലങ്ങളിലായി ഫത്വകൾ വിധിച്ചിരുന്നത് ആർക്കുവേണ്ടി ആയിരുന്നുവോ ആവോ? എന്നാൽ ഏറെ ദുഃഖകരമെന്നത് ഹസ്റത്ത് മുഹമ്മദ് മുസ്തഫാ(സ) യേയും ഇസ്ലാമിനേയും കരിവാരിത്തേക്കാൻ ആഗോളതലത്തിൽ ശ്രമം നടക്കുന്ന ഈ കാലഘട്ടത്തിൽ ഇസ്ലാമും തോളിലേറ്റി നടക്കുന്ന ഇവർതന്നെ അത്തരക്കാർക്ക് വളം വെച്ചുകൊടുക്കുന്നു എന്നതാണ്. അല്ലാഹു ഉമ്മത്തെ മുഹമ്മദിയ്യായുടെ കണ്ണ് തുറപ്പിക്കട്ടെ എന്ന് നമുക്ക് ഈ അവസരത്തിൽ പ്രാർത്ഥിക്കാം.

## വെള്ളിയാഴ്ചത്തെ മാസപ്പിറവിവാദം തെറ്റ്: യു.എ.ഇ. ജ്യോതി ശാസ്ത്രജ്ഞർ

ഒക്ടോബർ 4: വെള്ളിയാഴ്ച മാസപ്പിറവി കണ്ടതായ വാർത്ത തെറ്റാണെന്നും യഥാർത്ഥത്തിൽ രണ്ട് ദിവസങ്ങൾക്ക് ശേഷമാണ് റംസാൻ ആരംഭിക്കേണ്ടിയിരുന്നതെന്നും യു.എ.ഇ. ജ്യോതിശാസ്ത്രജ്ഞർ പറഞ്ഞു. വെള്ളിയാഴ്ച പിറവിചന്ദ്രന്റെ ദൃശ്യം അസാധ്യമാണെന്ന് അവിടുത്തെ ജ്യോതിശാസ്ത്ര സൊസൈറ്റി എഞ്ചിനീയർ മുഹമ്മദ് ഷൗക്കത്ത് ഒദേയും അമേരിക്കൻ യൂനിവേഴ്സിറ്റ് ഓഫ് ഷാർജ അസോസിയേറ്റ് പ്രഫസർ ഡോ. നിധൻ ഗുസമും വിശദീകരിച്ചു.

"ചന്ദ്രൻ വെള്ളിയാഴ്ച സൂര്യാസ്തമയത്തിന് മുമ്പേ തന്നെ അസ്തമിച്ചിരുന്നതിനാൽ അന്ന് ചന്ദ്രനെ കാണുക അസാധ്യമാണ്.ശനിയാഴ്ച അസ്തമയത്തിന് തൊട്ടുപിറകെ ചന്ദ്രൻ അസ്തമിച്ചതിനാൽ അന്നും പിറവി ചന്ദ്രനെ കാണ്മാൻ സാധ്യമല്ല.ഞായറാഴ്ച മാത്രമാണ് ചന്ദ്രൻ ദൃശ്യമാവുന്നത്. മുഴുവൻ ഇസ്ലാമിക രാജ്യങ്ങളിലും സ്ഥിതി ഇതുതന്നെയാണ്" ഒദേ പറഞ്ഞു. സൗദിഅറേബ്യയിൽ പിറവി ചന്ദ്രനെ കണ്ടതായാണ് അവകാശപ്പെട്ടത്. എന്നാൽ ഇതൊരിക്കലും സംഭവിക്കുകയില്ലായെന്ന് ശാസ്ത്രജ്ഞർ പറഞ്ഞു. വെള്ളിയാഴ്ച ബുധൻ ഗ്രഹം ചക്രവാളത്തിന് ഏറെ അടുത്തായിരുന്നുവെന്നും ഇത് കണ്ട് പിറവിചന്ദ്രനാണെന്ന് തെറ്റിധരിച്ചതാണെന്നും ഇവർ കൂട്ടിച്ചേർത്തു. സൗദി അധികാരികൾ അവരുടെ തെറ്റ് മനസ്സിലാക്കണമെന്ന് ഇവർ ആവശ്യപ്പെട്ടു. (അവലംബം ഗൾഫ് ന്യൂസ് 4.10.2006)

## ഖാഇദ്മാരുടെ ശ്രദ്ധയ്ക്ക്

എല്ലാ ഖാഇദ്മാരും 2006-07 വർഷത്തെ മജ്ലിസ് ആമില അംഗങ്ങളെ നിശ്ചയിച്ച് കേന്ദ്രത്തിൽ നിന്നും ഉടനെ അംഗീകാരം വാങ്ങേണ്ടതാണ്. അത്ഫാലിന്റെയും ഖുദ്ദാമിന്റെയും തജ്നീത് ബഡ്ജറ്റ് എന്നിവ തയ്യാറാക്കി കേന്ദ്രത്തിനും ഇലാഖാ ആഫീസിനും അയച്ചുകൊടുക്കുക. ലോക്കൽ ബഡ്ജറ്റ് തയ്യാറാക്കി ഇലാഖാ ഖാഇദ് മുഖേന അംഗീകാരം വാങ്ങേണ്ടതാണ്. എല്ലാ മാസവും അത്ഫാലിന്റെയും ഖുദ്ദാമിന്റെയും പ്രവർത്തമ റിപ്പോർട്ട് തയ്യാറാക്കി കേന്ദ്രത്തിനും ഇലാഖാ ആഫീസിലേക്കും അയക്കേണ്ടതാണ്. ഒരു കോപ്പി മജ്ലിസിൽ സൂക്ഷിക്കുക. റിപ്പോർട്ട് ഫോറം ആവശ്യമുള്ളവരും ദീനിസിലബസ് ആവശ്യമുള്ളവരും ഇലാഖാ ആഫീസുമായി ബന്ധപ്പെടുക.

ഖാഇദ്
നോർത്ത് ഇലാഖ

Published by Dr. Salahudheen, North Ilaqa Qaid for Majlis Khuddamul Ahmadiyya. Chief Editor - B.M. Shoukhathali, Editor - Shamsudheen, Kannur.